# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.3/2179/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയതി: 26/12/2025
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.3/2179/2025 തീയ്യതി: 26/12/2025

# തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ്കുമാർ ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2025 | 30-10-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-10-2025 | 30-10-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പദ്മകുമാർ എസ്.എൽ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ലക്ഷ്മി വി.എസ്. നായർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രീത ജാസ്മിൻ ഡി.ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രിയദർശിനി എസ്.ആർ., ഓഡിറ്റർ
ശ്രീ. മുഹമ്മദ് ജെഫിൻ എം.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ചന്ദ്രലേഖ കെ. | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി ബിന്ദു പി.വി. | സെക്രട്ടറി | 01-04-2024 | 18-05-2024 |
| ശ്രീ. അനിൽകുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-05-2024 | 26-05-2024 |
| ശ്രീമതി ബിന്ദു പി.വി. | സെക്രട്ടറി | 27-05-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശിവാംബിക | ഡയറി ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ഡോ. ദിലീപ് ദാസ് | മെഡിക്കൽ ഓഫീസർ, FHC | 01-04-2024 | 31-03-2025 |
| ശ്രീമതി കൃഷ്ണേന്ദു | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ഡോ. ഇന്ദുലേഖ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ. കാർത്തികേയൻ | ഫിഷറീസ് ഓഫീസർ | 01-04-2024 | 20-12-2024 |
| ശ്രീ. ഫസലുദ്ദീൻ | ഫിഷറീസ് ഓഫീസർ-ചാർജ്ജ് | 21-12-2024 | 15-01-2025 |
| ശ്രീമതി വിഷ്ണുപ്രിയ ബി. | ഫിഷറീസ് ഓഫീസർ | 16-01-2025 | 31-03-2025 |
| ശ്രീമതി ഡയാന റോസ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ദേവിലക്ഷ്മി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീമതി സൗമ്യ യു.കെ. | വി.ഇ.ഒ. (North) | 01-04-2024 | 31-03-2025 |
| ശ്രീമതി സജീഷ എ.എസ്. | വി.ഇ.ഒ. (South) | 01-04-2024 | 31-03-2025 |
| ശ്രീമതി സുചിത്ര ലത ജി.എസ്. | അസി. എഞ്ചിനീയർ | 01-04-2024 | 29-07-2024 |
| ശ്രീമതി ലൈല ബി. | അസി. എഞ്ചിനീയർ (ചാർജ്ജ്) | 30-07-2024 | 18-09-2024 |
| ശ്രീമതി രേഷ്മ രവി | അസി. എഞ്ചിനീയർ | 19-09-2024 | 31-03-2025 |
| ശ്രീ. അനിൽകുമാർ | അസി. സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി ദീപ | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്. | 1-1 |
| 2 | അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള മുഴുവൻ പത്രികകളും തയ്യാറാക്കിയിട്ടില്ല. | 1-1-1 |
| 3 | തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. | 1-1-2 |
| 4 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | 2023-24 ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂളിൽ ഉണ്ടായിരുന്ന ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റുകൾ 2024-25 വർഷവും ക്രമീകരിച്ചിട്ടില്ല. | 1-1-6 |
| 8 | Distress Relief Fund ന്റെ അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-1-7 |
| 9 | രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-1-8 |
| 10 | Capital Contribution തുക ഒറ്റ ഹെഡിൽ ചേർത്തിരിക്കുന്നു. | 1-1-9 |
| 11 | ആസ്തി നിർമ്മാണത്തിനായുള്ള മുഴുവൻ തുകയും ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടില്ല. | 1-1-10 |
| 12 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | Out Door Collection Control Account ട്രയൽ ബാലൻസിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-12 |
| 14 | ബാങ്ക് ബുക്കിൽ വിവിധ കാലയളവിൽ ക്രഡിറ്റ് ബാലൻസ് (നീക്കിയിരിപ്പ് നെഗറ്റീവ്) രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-13 |
| 15 | കെ.എസ്.ഇ.ബി നിക്ഷേപ പ്രവർത്തി – നീക്കിയിരിപ്പ് തുക പെരുത്തപ്പെടുന്നില്ല. | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം. | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം. | 1-4 |
| 19 | പദ്ധതി അവലോകനം. | 1-5 |
| 20 | ക്ഷേമ പദ്ധതികൾ | 1-6 |
| 21 | ക്യാഷ് പരിശോധന | 1-7 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 23 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 25 | വളർത്തുനായകൾക്ക് ലൈസൻസ് നൽകൽ സ്ഥിതി വിവരകണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-11 |
| 26 | ശാസ്ത്രീയമായ അറവ് ശാല സ്ഥാപിക്കൽ- കോടതി ഉത്തരവ്, സർക്കാർ നിർദ്ദേശം എന്നിവ നടപ്പിലായില്ല | 1-12 |
| 27 | സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ സംബന്ധിച്ച് | 1-13 |
| 28 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് | 1-14 |
| 29 | 60 ച.മീ വരെ വിസ്തീർണമുള്ള പാർപ്പിടങ്ങൾക്ക് ഇളവ് നൽകൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-15-1 |

| | | |
|---|---|---|
| 30 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിൽ അപാകം-നികുതി പുനർ നിർണയിക്കേണ്ടതാണ് | 1-15-2 |
| 31 | നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകിയില്ല | 1-15-3 |
| 32 | ടെലിഫോൺ ടവർ വസ്തുനികുതി കുടിശ്ശിക അടവാക്കാനുണ്ട് | 1-15-4 |
| 33 | ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി നിർണ്ണയം നിരീക്ഷണങ്ങൾ | 1-15 |
| 34 | തനത് വരുമാനം - പൂർണ്ണമായും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-16 |
| 35 | റേഷൻ ഷോപ്പുകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-17-1 |
| 36 | തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡേറ്റാബേസ് സൂക്ഷിച്ചിട്ടില്ല | 1-17-2 |
| 37 | പരിഷ്കരിച്ച സ്ലാബുകൾ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-17-3 |
| 38 | വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-17-4 |
| 39 | മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല | 1-17-5 |
| 40 | തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല | 1-17-6 |
| 41 | തൊഴിൽ നികുതി ഒടുക്കിയിട്ടില്ല | 1-17-7 |
| 42 | സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല | 1-17-8 |
| 43 | തൊഴിൽ നികുതി നിർണ്ണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകത | 1-17 |
| 44 | ലൈസൻസ് നേടിയ വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം - സഞ്ചയ സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല | 1-18-1 |
| 45 | ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നില്ല | 1-18-2 |
| 46 | റേഷൻ ഷോപ്പുകളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കുന്നില്ല | 1-18-3 |
| 47 | സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-18-4 |
| 48 | ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ-വിവരങ്ങൾ ലഭ്യമല്ല | 1-18-5 |
| 49 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ- നപടിക്രമങ്ങളിലെ വീഴ്ച | 1-18 |
| 50 | ഭരണസമിതി കമ്മിറ്റി - മിനിട്ട്സ് സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല | 1-19-1 |
| 51 | ഗ്രാമസഭാ മിനിറ്റ്സ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-19 |
| 52 | സാമൂഹ്യസുരക്ഷ പെൻഷനുകൾ അനുവദിക്കുന്നതിന് കാലതാമസം | 1-20 |
| 53 | ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നില്ല | 1-21 |
| 54 | മെൻസ്ട്രുവൽ കപ്പുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.ചെലവ് തടസ്സപ്പെടുത്തുന്നു. രൂപ 1,72,495/- | 1-22 |
| 55 | മരുന്ന് പൂർണ്ണമായി ലഭ്യമായില്ല. - 1,08,298/- രൂപ തടസ്സം ചെയ്യുന്നു. | 1-23 |
| 56 | പാലിയേറ്റീവ് കെയർ - സാധനങ്ങൾ ലഭ്യമായതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. രൂപ 14,757/- | 1-24 |
| 57 | പാലിയേറ്റീവ് കെയർ - പദ്ധതി അപാകതകൾ - ചെലവ് തുക തടസ്സപ്പെടുത്തുന്നു - രൂപ 1,62,458.37 | 1-25 |

| | | |
|---|---|---|
| 58 | "ആരോഗ്യം ആനന്ദം" - കാൻസർ സ്ക്രീനിങ് ക്യാമ്പയിൻ - മരുന്ന്/ സാധനങ്ങൾ ലഭ്യമായില്ല - തുക തടസ്സപ്പെടുത്തുന്നു - 3,021/- രൂപ | 1-26 |
| 59 | ബഡ്സ് സ്കൂൾ പ്രവർത്തനം - അവലോകനം | 1-27 |
| 60 | ബെയിലിംഗ് മെഷിൻ സ്ഥാപിച്ചിട്ടില്ല - 6,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-28 |
| 61 | മരുന്ന് ലഭ്യമായില്ല - 32,727/- രൂപ തടസ്സപ്പെടുത്തുന്നു | 1-29 |
| 62 | ലൈഫ് ഭവന പദ്ധതി - വീട്ടുപണി പൂർത്തിയാക്കിയിട്ടില്ല | 1-30 |
| 63 | പാഥേയം പദ്ധതി - സർക്കാർ നിർദ്ദേശം പാലിച്ചില്ല - 5,71,920/- രൂപ തടസ്സപ്പെടുത്തുന്നു | 1-31 |
| 64 | ജി.എസ്.ടി റ്റി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-32 |
| 65 | ക്യാഷ് ബുക്ക് നിശ്ചിത മാതൃകയിൽ പരിപാലിക്കുന്നില്ല. | 1-33 |
| 66 | പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം - കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയില്ല | 1-34 |
| 67 | ലീച്ചിംഗ് പിറ്റ് നിർമ്മാണം - പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചു - 1,84,505/- രൂപ തടസ്സപ്പെടുത്തുന്നു | 1-35 |
| 68 | കുടിവെള്ള പദ്ധതി - വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയെങ്കിലും പ്രവർത്തി ആരംഭിച്ചില്ല - 25,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-36 |
| 69 | കോട്ടുകാൽ ഫെസ്റ്റ് - കരാറുകാരന് തുക നൽകാത്തതിനെ തുടർന്നുള്ള കോടതി വ്യവഹാരം തീർപ്പാകാതെ തുടരുന്നു - ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | 1-37 |
| 70 | പൊതുകിണർ പുനരുദ്ധാരണം - പാതിവഴിയിൽ ഉപേക്ഷിച്ചു - 2,88,961/- രൂപ തടസ്സപ്പെടുത്തുന്നു | 1-38 |
| 71 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-39 |
| 72 | ജലജീവൻ മിഷൻ പദ്ധതി - അവലോകനം | 1-40 |
| 73 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ | 1-41 |
| 74 | വീട് വാസയോഗ്യമാക്കൽ - പണി പൂർത്തിയാക്കിയില്ല | 1-42 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1. കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.07.2025ലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 01.08.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. &എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ (2024-25) വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള മുഴുവൻ പത്രികകളും തയ്യാറാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. മുഴുവൻ പത്രികകളും വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിക്കാത്തതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 25/30.10.25) മറുപടി ലഭ്യമാക്കിയില്ല.

### 1-1-2 തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

തൻവർഷത്തെ പ്രവർത്തന ഫലം (പഞ്ചായത്ത് ഫണ്ട്) നിർണയിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പിന് (നം. 25/30.10.25) മറുപടി ലഭ്യമാക്കിയില്ല.

## 1-1-3 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട് . എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 25/30.10.25) മറുപടി ലഭ്യമാക്കിയില്ല.

## 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വിവിധ വരവുകളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതി |
|---|---|---|
| 110100101 | Property Tax On Residential Building | 31.03.2025 |
| 110100102 | Property Tax On Non Residential Building | |
| 110200101 | Profession Tax Institution | |
| 110200105 | Profession Tax Traders | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 25/30.10.25) മറുപടി ലഭ്യമാക്കിയില്ല.

## 1-1-5 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 28 പ്രകാരം ഓരോ വർഷാവസാനത്തിലും ചെലവ് ചെയ്ത് പണം നൽകാതിരിക്കുന്നവയ്ക്ക് വേണ്ടി പഞ്ചായത്ത് പ്രൊവിഷൻ വയ്ക്കേണ്ടതും വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്ന തീയതിക്ക് 30 ദിവസം മുൻപുള്ള തീയതി കട്ടോഫ് തീയതിയായി കണക്കാക്കി വേണം ബില്ലുകൾക്ക് പ്രൊവിഷൻ വകയിരുത്തേണ്ടത്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2025 മാർച്ചിലെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 10 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 25/30.10.25) മറുപടി ലഭ്യമാക്കിയില്ല.

## 1-1-6 2023-24 ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂളിൽ ഉണ്ടായിരുന്ന ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റുകൾ 2024-25 വർഷവും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 340100101 | Contractor’s Earnest Money Deposit | 14,850 |
| 340100201 | Contractor’s Security Deposit | 8,700 |
| 340100203 | Supplier’s Security Deposit | 51,800 |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. മേൽപ്പറഞ്ഞ ഷെഡ്യൂളുകളിലെ തുകകൾ മുതൽക്കൂട്ടാവുന്നതാണോ എന്ന് വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 25/30.10.25) മറുപടി ലഭ്യമാക്കിയില്ല.

## 1-1-7 Distress Relief Fund ന്റെ അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കിയില്ല.

വാർഷിക ധനകാര്യ പത്രികയിലെ B2 ഷെഡ്യൂൾ പ്രകാരം പഞ്ചായത്ത് ദുരിതാശ്വാസ നിധിയിൽ 12,000/- രൂപ നീക്കിയിരിപ്പ് ഉണ്ട്. ദുരുതാശ്വാസ നിധിയിലേക്കായി പഞ്ചായത്തിന് പ്രത്യേക ബാങ്ക്

അക്കൗണ്ട് ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 25/30.10.25) മറുപടി ലഭ്യമാക്കിയില്ല.

## 1-1-8 രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 25/30.10.25) മറുപടി ലഭ്യമാക്കിയില്ല.

## 1-1-9 Capital Contribution തുക ഒറ്റ ഹെഡിൽ ചേർത്തിരിക്കുന്നു.

വിവിധ ഇനങ്ങളിലെ ചെലവുകൾക്കായി വിവിധ ഹെഡുകൾ നിലവിലുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ തൻവർഷത്തെ Capital Contribution തുക 312109901 എന്ന ഒറ്റ ഹെഡിലാണ് ചേർത്തിട്ടുള്ളത്. ടി അപാകതയ്ക്ക് മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 25/30.10.25) മറുപടി ലഭ്യമാക്കിയില്ല.

## 1-1-10 ആസ്തി നിർമ്മാണത്തിനായുള്ള മുഴുവൻ തുകയും ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടില്ല.

ധനകാര്യപത്രികയിലെ B-11(B) ഷെഡ്യൂൾ പ്രകാരം Capital Work In Progress ആയി 76,354/- (ലെഡ്ജർ പ്രകാരം) രൂപയാണ് ചേർത്തിട്ടുള്ളത്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയർ ഹാജരാക്കിയ പാർട്ട് ബിൽ സ്റ്റേറ്റ്മെന്റ് പ്രകാരം 6,84,138/- രൂപ തൻവർഷം ആസ്തി നിർമ്മാണത്തിനായി നൽകിയിട്ടുണ്ട്. തുകകളിലെ വ്യത്യാസത്തിന് കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 25/30.10.25) മറുപടി ലഭ്യമാക്കിയില്ല.

## 1-1-11 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

മഹാത്മാഗാന്ധി ഗ്രമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് നീക്കിയിരിപ്പ് തുകകൾ (വാർഷിക ധനകാര്യ പത്രിക പ്രകാരം) ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,37,265 | 19,31,513 | 20,68,778 | 19,54,610 | 1,09,653 |

എന്നാൽ ആകെ വരവ് തുകയിൽ നിന്ന് (20,68,778) ചെലവ് തുക (19,54,610) കുറയ്ക്കുമ്പോൾ ലഭിക്കുന്ന നീക്കിയിരിപ്പ് 1,14,168/- രൂപയാണ്. നീക്കിയിരിപ്പിലെ വ്യത്യാസത്തിന് കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 25/30.10.25) മറുപടി ലഭ്യമാക്കിയില്ല.

## 1-1-12 Out Door Collection Control Account ട്രയൽ ബാലൻസിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഹെഡ്കോഡ് 431910201 Out Door Collection Control Account ന്റെ നീക്കിയിരിപ്പായി 3,302/- രൂപ ട്രയൽ ബാലൻസിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന് കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 25/30.10.25) മറുപടി ലഭ്യമാക്കിയില്ല.

## 1-1-13 ബാങ്ക് ബുക്കിൽ വിവിധ കാലയളവിൽ ക്രഡിറ്റ് ബാലൻസ് (നീക്കിയിരിപ്പ് നെഗറ്റീവ്) രേഖപ്പെടുത്തിയിരിക്കുന്നു.

ബാങ്ക് ബുക്കിൽ വിവിധ കാലയളവിൽ ക്രഡിറ്റ് ബാലൻസ് (നീക്കിയിരിപ്പ് നെഗറ്റീവ്) രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ബാങ്ക് അക്കൗണ്ട് | കാലയളവ് |
|---|---|
| KERALA GRAMIN BANK- AWARD (40682101087714) | 19.8.2024 To 30.9.2024 |
| CANARA BANK-LIFE LOAN (110046012442) | 15.7.2024 |

ടി അപാകതയ്ക്ക് മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 25/30.10.25) മറുപടി ലഭ്യമാക്കിയില്ല.

## 1-1-14 കെ.എസ്.ഇ.ബി നിക്ഷേപ പ്രവർത്തി – നീക്കിയിരിപ്പ് തുക പെരുത്തപ്പെടുന്നില്ല.

| നിർവഹണ ഏജൻസി | 2023-24 ബാലനസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരമുള്ള മുന്നിരിപ്പ് | 2024-25 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം) | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | 2024-25 ബാലനസ് ഷീറ്റ് B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 1,13,83,479 | 13,16,886 | 1,27,00,365 | - | 1,26,86,071 |

ഹെഡ്കോഡ് 460500202 Advance To Implementing Agencies - Deposit With Kerala Electricity Board ന്റെ ലെഡ്ജർ പ്രകാരം 2024-25 വർഷത്തെ നിക്ഷേപതുക 13,02,592/- രൂപയാണ്. 14,294/- രൂപയുടെ വ്യത്യാസത്തിന് കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 25/30.10.25) മറുപടി ലഭ്യമാക്കിയില്ല.

## 1-2 ബജറ്റ്

| | ബജറ്റ് പ്രകാരം | റിവൈസ്ഡ് ബജറ്റ് പ്രകാരം |
|---|---|---|
| **ഭരണ സമിതി അംഗീകാരം** | 09/02/2024 തീയതിയിലെ 1(1) നം. തീരുമാനം | 25/03/2025 തീയതിയിലെ 1(1) നം. തീരുമാനം |
| **മുന്നിരിപ്പ്** | 1,36,81,524 | 1,78,61,016 |
| **വരവ്** | 34,69,32,000 | 35,19,14,345 |
| **ആകെ** | 36,06,13,524 | 36,97,75,361 |
| **ചെലവ്** | 34,95,85,000 | 35,76,10,991 |
| **നീക്കിയിരിപ്പ്** | 1,10,28,524 | 1,21,64,370 |

## 1-3 സാമ്പത്തിക വിശകലനം.

**റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 4,16,46,709 |
| വരവ് | 9,43,27,108 |
| ആകെ | 13,59,73,817 |
| ചെലവ് | 7,75,93,790 |
| നീക്കിയിരിപ്പ് | 5,83,80,027 |

## 1-4 ഗ്രാന്റ് വിനിയോഗം.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 3,21,58,189 | 3,42,88,710 | -21,30,521 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 84,48,656 | 88,12,736 | -3,64,080 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 1,78,27,515 | 49,15,711 | 1,29,11,804 |
| ധനകാര്യകമ്മീഷൻഗ്രാന്റ്(CFC-Untied) | 0 | 66,64,026 | 59,36,150 | 7,27,876 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 1,56,65,000 | 1,12,16,616 | 44,48,384 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 74,31,000 | 61,79,867 | 12,51,133 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(സി.എസ്.എസ്) | 0 | 0 | 12,77,026 | -12,77,026 |
| സംസ്ഥാനവിഷ്കൃത ഫണ്ട് (എസ്.എസ്.എസ്) | 0 | 0 | 8,40,000 | -8,40,000 |

**ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.**

1. ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| **ഉല്പാദനം** | പൊതുവിഭാഗം | 1,61,56,984 | 89,90,242 | 55.6 |
| **സേവനം** | പൊതുവിഭാഗം | 17,56,99,327 | 4,29,71,245 | 24.4 |
| | പട്ടിക ജാതി വിഭാഗം | 1,55,99,408 | 85,19,752 | 54.6 |
| **പശ്ചാത്തലം** | പൊതുവിഭാഗം | 2,78,17,511 | 1,66,58,058 | 59.8 |
| | പട്ടിക ജാതി വിഭാഗം | 8,29,182 | 6,42,984 | 77.5 |

2. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5% തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ്ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 39,55,720 | 4,40,635 | 11.1 |
| കുട്ടികൾ | 15,95,000 | 12,64,988 | 79.3 |
| വൃദ്ധർ | 29,03,057 | 10,36,675 | 35.7 |
| ഭിന്നശേഷിയുള്ളവർ | 15,84,280 | 9,76,875 | 61.6 |

3. സംയുക്ത പ്രോജക്ടുകൾക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച ചുവടെ ചേർക്കുന്ന തുക 2024-25 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204 | ബ്ളോക്ക് പഞ്ചായത്ത് (Revenue Expenditure) | 5,81,158 |
| 2 | 320700205 | ജില്ലാ പഞ്ചായത്ത് (Revenue Expenditure) | 6,150 |

4. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2024-25 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100191 | Nirmal Puraskar | 5,00,000 |
| 320100197 | Literacy Scheme Grant | 6,349 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/30.10.2025 ന് മറുപടി ലഭ്യമാക്കിയില്ല.

5. ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതം ഇനത്തിൽ 1,28,906/- രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നു. പ്രസ്തുത തുക ഏത് പദ്ധതിയുമായി ബന്ധപ്പെട്ട് പിരിച്ചെടുത്തതാണെന്നും, ആയത് നാളിതുവരെ ചെലവഴിക്കാത്തതിന് കാരണവും വ്യക്തമാക്കാനും മറ്റ് അപാകതകൾക്കും മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 26/30.10.2025 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-5 പദ്ധതി അവലോകനം.

1) 2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(സുലേഖ ചെലവ് പത്രിക പ്രകാരം)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| സെക്രട്ടറി | 46 | 34 | 12 | 2,04,82,043 | 1,45,98,472 | 71.2 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 85 | 46 | 39 | 3,79,77,097 | 1,87,59,952 | 49.3 |
| കൃഷി ഓഫീസർ | 11 | 11 | 0 | 15,34,500 | 14,94,500 | 97.3 |
| വി.ഇ.ഒ | 9 | 6 | 3 | 12,23,62,400 | 1,32,52,203 | 10.8 |
| ലേഡി വി.ഇ.ഒ | 11 | 10 | 1 | 1,41,78,458 | 52,08,946 | 36.7 |
| വെറ്റിനറി സർജൻ | 6 | 5 | 1 | 32,29,600 | 31,18,478 | 96.5 |
| ഐസിഡിഎസ് സൂപ്പർവൈസർ | 14 | 14 | 0 | 86,28,679 | 71,04,349 | 82.3 |
| എച്ച്.എം. | 7 | 7 | 0 | 33,70,722 | 29,19,660 | 86.6 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 20 | 14 | 6 | 1,12,40,628 | 61,70,935 | 54.9 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 0 | 2,40,000 | 2,40,000 | 100 |
| അസി.സെക്രട്ടറി | 22 | 11 | 11 | 1,16,37,800 | 31,87,517 | 27.38 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 5 | 4 | 1 | 11,40,000 | 9,62,172 | 84.4 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 66,02,640 | 25,02,122 | 37.8 |
| ആകെ | 239 | 165 | 74 | 24,26,24,567 | 7,95,19,306 | 32.77 |

(2) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 4,59,79,751 | 3,42,88,710 | 74.5 |
| വികസന ഫണ്ട് എസ്.സി.പി | 1,11,28,844 | 88,12,736 | 79.18 |
| ധനകാര്യകമ്മീഷൻ അവാർഡ് | 2,39,48,134 | 1,08,51,861 | 45.3 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 53,68,646 | 12,77,026 | 23.7 |
| സംസ്ഥാനവിഷ്കൃത ഫണ്ട് | 6,65,58,624 | 8,40,000 | 1.26 |
| തനത് ഫണ്ട് | 72,13,884 | 32,43,231 | 44.9 |
| ബ്ളോക്ക് പഞ്ചായത്ത് | 2,63,23,380 | 7,16,853 | 2.72 |
| ജില്ലാ പഞ്ചായത്ത് | 2,83,03,820 | 7,94,389 | 2.8 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 1,65,89,923 | 1,12,16,616 | 67.6 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 87,16,481 | 61,79,867 | 70.8 |

സംസ്ഥാനാവിഷ്കൃത ഫണ്ട്, ബ്ലോക്ക് & ജില്ലാ പഞ്ചായത്ത് വിഹിതങ്ങളായി ലഭ്യമായ തുകയിൽ വളരെക്കുറച്ച് മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. ആയതിനാൽ വിവിധ പദ്ധതികളിലൂടെ പഞ്ചായത്തിന്റെ വികസനം ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ അനുവദിക്കുന്ന തുകകൾ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി പൂർണ്ണമായും ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികൾ

| ക്രമ നം. | ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം. |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 65,19,600 | 4332 |
| 2 | വിധവ പെൻഷൻ | 2,11,18,400 | 21008 |
| 3 | വാർദ്ധക്യകാല പെൻഷൻ | 4,41,81,900 | 39504 |
| 4 | വികലാംഗ പെൻഷൻ | 87,23,200 | 5920 |
| 5 | 50 വയസ്സിന്മേൽ പ്രായമുള്ള അവിവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6,26,800 | 403 |
| 6 | വിവാഹ ധന സഹായം | 3,30,000 | 11 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.10.2025, 02.47 PM-ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,337/- (മൂവായിരത്തി മുന്നൂറ്റി മുപ്പത്തി ഏഴ് രൂപ മാത്രം) രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ തൃപ്തികരമാണെങ്കിലും ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
1) സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ഓഫീസ് പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ടെങ്കിലും എല്ലാ മാസവും മീറ്റിംഗ് കൂടാറില്ല.
2) ഫയലുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതായി കാണുന്നില്ല. നിലവിൽ ILGMS പ്രകാരം 312 ഫയലുകൾ കുടിശ്ശികയാണ്.
3) 2024-25 വർഷത്തിൽ എല്ലാവാർഡുകളിലും രണ്ട് ഗ്രാമസഭകളാണ് കൂടിയിട്ടുള്ളത്. 3 മാസത്തിലൊരിക്കൽ ഗ്രാമസഭകൾ വിളിച്ച് കൂട്ടാൻ ശ്രദ്ധിക്കേണ്ടതാണ്.
4) നികുതി/നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നതുകൊണ്ട് തനത് ഫണ്ടിന് ഭീമമായ നഷ്ടം സംഭവിക്കുന്നു. നികുതിപിരിവ് ഊർജ്ജിതമാക്കേണ്ടതാണ്.
5) വാർഷിക പദ്ധതികൾ പദ്ധതി വിഹിതം വിനിയോഗിച്ച് നടപ്പാക്കുന്നുണ്ടെങ്കിലും തുടർ സംരക്ഷണം ഉറപ്പാക്കാത്തതിനാൽ പല പദ്ധതികളും ലക്ഷ്യം കൈവരിക്കുന്നില്ല. പദ്ധതികളുടെ മോണിറ്ററിംഗ് നടത്തി ലക്ഷ്യം / ആവശ്യകത എന്നിവ ചർച്ച ചെയ്ത് ദീർഘവീക്ഷണത്തോടെ വാർഷിക പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,37,265 | 19,31,513 | 20,68,778 | 19,54,610 | 1,09,653 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7,27,58,574 | 7,27,58,574 | 7,27,58,574 | 0 |
| **ആകെ** | **1,37,265** | **7,46,90,087** | **7,48,27,352** | **7,47,13,184** | **1,09,653** |

* ചെലവ് തുകയിൽ 4,515/- രൂപയുടെ വ്യത്യാസം ഉണ്ട്, അപാകം ഖണ്ഡിക യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമെൻസ് ഓഡിറ്റ് | 20.7.2017 | 2015-16 | 23.8.17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20/03/2015 | 2010-11 To 2013-14 | 05.07.2015 |

## 1-11 വളർത്തുനായകൾക്ക് ലൈസൻസ് നൽകൽ സ്ഥിതി വിവരകണക്കുകൾ പൊരുത്തപ്പെടുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന

ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 1786 നായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ എ.എഫ്.എസ് പ്രകാരം നായ്ക്കളുടെയും പന്നികളുടെയും രജിസ്ട്രേഷൻ ഇനത്തിൽ 1,300/- രൂപ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നായകളുടെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 സാമ്പത്തിക വർഷം 7 നായകൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/27.10.2025) മറുപടി ലഭ്യമായില്ല. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വളർത്തു നായകൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 ശാസ്ത്രീയമായ അറവ് ശാല സ്ഥാപിക്കൽ- കോടതി ഉത്തരവ്, സർക്കാർ നിർദ്ദേശം എന്നിവ നടപ്പിലായില്ല

17.09.2009-ലെ 1173/ഡി.ബി.2/09/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകൃത അറവുശാലകൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി അവരുടെ അധികാര പരിധിക്കുള്ളിൽ വൃത്തിയും ശുചിത്വവുമുള്ള ആധുനികവും ശാസ്ത്രിയവുമായ അറവുശാലകൾ സ്ഥാപിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട് (ഖണ്ഡിക 8) പഞ്ചായത്ത് രാജ് നിയമ പ്രകാരം മൃഗങ്ങളുടെ കശാപ്പ്, വില്പന എന്നിവ നിയന്ത്രിക്കേണ്ടത് ഗ്രാമപ്പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. മനുഷ്യന്റെ ആരോഗ്യത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് പകർച്ചവ്യാധികളോ മറ്റ് രോഗങ്ങളോ ഇല്ലെന്ന് വെറ്ററിനറി സർജ്ജൻ സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെ അംഗീകൃത അറവ് ശാലകളിൽ മാത്രം കശാപ്പ് ചെയ്ത് ഇറച്ചിക്കടകൾ വഴി വിൽപ്പന നടത്തുവാൻ പാടുള്ളൂവെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 12-08-2009 ലെ WPC(No) 13805 Of 2004, 37093 Of 2004, 7000 Of 2005 എന്നീ വിധിന്യായങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അറവുശാലകൾ സ്ഥാപിക്കാൻ നടപടിയെടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഗ്രാപഞ്ചായത്തിൽ അറവുശാല സ്ഥാപിക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/27.10.2025) മറുപടി ലഭ്യമായില്ല. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ സംബന്ധിച്ച്

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 3, 4, 5 എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. ഒരു സ്വകാര്യ ആശുപത്രിയോ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതും അപേക്ഷ ലഭിച്ചാൽ ഒരാഴ്ചയ്ക്കകം സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ, അപേക്ഷകൻ സ്ഥാപനം തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടത്തിന്റെയോ കെട്ടിടങ്ങളുടെയോ സുരക്ഷിതത്വം, അപേക്ഷയിൽ പറയുന്ന മറ്റു വിവരങ്ങളുടെ നിജസ്ഥിതി എന്നിവ സംബന്ധിച്ച അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് ഒരു അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കേണ്ടതാണ്. രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2-ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതും ടി സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടു എന്നതിന്റെ തെളിവായി അപേക്ഷകനു ഫോറം 3-ൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. 2024-25 സാമ്പത്തിക വർഷത്തെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ എ.എഫ്.എസ് പ്രകാരം സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഇനത്തിൽ 2,100/- രൂപ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്.

A) 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) 3-ആം ചട്ടം (6)-ആം ഉപചട്ടം പ്രകാരം ഫോറം 2 മാതൃകയിൽ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതുമാണ്. എന്നാൽ സ്വകാര്യ

ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്റ്റർ പരിശോധിച്ചതിൽ ടി ഇനത്തിൽ 1650/- രൂപയാണ് വരവായി ചേർത്തിട്ടുള്ളത്. ഇത് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ എ.എഫ്.എസ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

B) 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടം 3-ആം ചട്ടം (2)-ആം ഉപചട്ടം പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ തുടങ്ങുന്നതിന് ഫോറം 1 മാതൃകയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2024-25 അപേക്ഷകൾ (ILGMS) പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനം അപേക്ഷ സമർപ്പിച്ചിട്ടുള്ളത് FACTEOS ലൈസൻസിനുള്ള അപേക്ഷയുടെ മാതൃകയിലാണ്.

| നമ്പർ | വാർഡ് | പേര് | ഉപയോഗക്രമം |
|---|---|---|---|
| 1 | 11/679D | ഡോ. സജീവ് എം എസ്, അപ്സര, കാഞ്ഞിരംകുളം | ഡെന്റൽ ക്ലിനിക് |

C) 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടം 8 പ്രകാരം (രജിസ്റ്റർ ചെയ്തിട്ടില്ലാത്ത സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പരിപാലിക്കുകയും നടത്തുകയും ചെയ്യുന്നതിനുള്ള ശിക്ഷ) - ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു വിരുദ്ധമായോ, ഈ ചട്ടത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യാതെയോ രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിനുശേഷവും തുടർന്നുമോ, ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപവരെ ആകാവുന്ന പിഴ ശിക്ഷയും, കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറുരൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവയിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ എടുത്തിട്ടില്ല.

| നമ്പർ | പേര് | തൊഴിൽ നികുതി/ ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | ഉപയോഗക്രമം |
|---|---|---|---|
| 1 | ചമത്തിൽ ആയുർവേദ ഹോസ്പിറ്റൽ | 4 | ആയുർവേദ ഹോസ്പിറ്റൽ |
| 2 | അഗസ്ത്യ ആയുർവേദ ഹോസ്പിറ്റൽ | 61 | ആയുർവേദ ഹോസ്പിറ്റൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/27.10.2025) മറുപടി ലഭ്യമായില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്വകാര്യ ആശുപത്രികളും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് & രജിസ്ട്രേഷനോടു കൂടിയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതും, ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ/രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

## 1-14 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 266, 1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം 3(3) പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. 2024-25 സാമ്പത്തിക വർഷത്തെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ എ.എഫ്.എസ് പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഇനത്തിൽ 300/- രൂപ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പ്രകാരം ഒരു സ്ഥാപനവും രജിസ്ട്രേഷൻ നേടിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇതിന്റെ ആധികാരികത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/27.10.2025) മറുപടി ലഭ്യമായില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്ട്രേഷനോടു കൂടിയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതും, ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ/ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

## 1-15-1 60 ച.മീ വരെ വിസ്തീർണമുള്ള പാർപ്പിടങ്ങൾക്ക് ഇളവ് നൽകൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഒന്ന് മുതൽ പത്ത് വരെ വാർഡുകൾ മാത്രം പരിശോധിച്ചതിൽ നിന്നുള്ള ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 1/501B | ലളിത, വാഴവിളാകത്തുവീട്, പയറ്റുവിള |
| | 1/509A | ,, |
| 2 | 1/528 | സുകുമാരൻനായർ, ഉള്ളൂർവിളാകത്തു മേലെ പുത്തൻ വീട് |
| | 1/551C | ,, |
| 3 | 2/397A | കെ.ഗോപാലകൃഷ്ണൻചിത്തിര,കരിയ്ക്കാട്ടുവിള |
| | 2/397B | ,, |
| 4 | 2/560A | ബി.അനി, അമൃത ഭവൻ,കുഞ്ചുകോണം |
| | 2/560B | ,, |
| 5 | 3/43A | ശ്രീകല.ആർ, പ്ലാവിള പുത്തൻ വീട്, നെല്ലിമൂട്. |
| | 3/44A | ,, |
| 6 | 3/614 | സരസമ്മ, മണ്ണക്കല്ല് കളിയിൽവിളപുത്തൻവീട്, കണ്ണറവിള |
| | 3/614A | ,, |
| 7 | 10/59 | മനോഹരൻ, കല്ലംപൊറ്റ വീട്,തെങ്കവിള,കോട്ടുകാൽ |
| | 10/59A | ,, |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/28.10.2025) മറുപടി ലഭ്യമായില്ല. മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിൽ അപാകം-നികുതി പുനർ നിർണയിക്കേണ്ടതാണ്

2023 മാർച്ച് 31 വരെ 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി 70/- രൂപയായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2023 മാർച്ച് 31 ന് മുമ്പ് നികുതി നിർണയിച്ച 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെപ്പറയുന്ന വാണിജ്യകെട്ടിടങ്ങളെ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തു നികുതി 40/- രൂപ കണക്കാക്കിയാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No | Building ID | Door NO | Owner Name | Owner Address | Area (M.Sq) |
|---|---|---|---|---|---|
| 1 | 50294010014770 | 6/315/ | Vanaja | Mavila Kadayara Veedu | 119 |
| 2 | 50294010004135 | 8/124/A | Sureshkumar | Marin Palace | 143.31 |
| 3 | 50294010002063 | 9/26/ | A.Ambrose,M.Usha | Purampoke Purayidam | 139 |
| 4 | 50294010000290 | 9/484/A | A.Nirmala,A.Nirmala | Thresya Bhavan | 234 |
| 5 | 50294010001994 | 10/3/ | C.Jerom,B.Alias Secretary | Fisheris Development Co Operative Society | 120 |
| 6 | 50294010007543 | 11/145/A | Sathyseelan | Chekkittthattu Kadayara Puthan Veedu | 144 |
| 7 | 50294010010653 | 11/311/ | P. Maniyan,O.Sajitha | Varuttattu Charivuvila Veedu | 186.46 |
| 8 | 50294010015998 | 11/424/A | Thomas John | Muthoot Estate Investments Muthoot Center | 291.79 |
| 9 | 50294010010360 | 11/736/A | Shaheer,Beegum Aman | A.S.N, | 140.36 |
| 10 | 50294010011610 | 12/386/A | Secratory | Kottukal Village Integrated Handloom Weavers Development Corporation Society | 150 |

| | | | | | |
|---|---|---|---|---|---|
| 11 | 50294010011698 | 14/126/ | C.Surendran | Karichalattottam Kizhakkaruk Puthen Veedu | 992 |
| 12 | 50294010013795 | 14/379/ | Geetha S | Aswathibhavan Punnakkulam | 250.26 |
| 13 | 50294010012928 | 15/3/ | Dr.Jimsonpolly Arampankudy | Somatheeram Ayurvedic Health Resort | 210 |
| 14 | 50294010012929 | 15/4/ | Baby Mathew,Pauly Mathew | Arabankudi Veedu | 215 |
| 15 | 50294010002795 | 15/161/ | G.PrabhakaranNair | Paurnami | 114.4 |
| 16 | 50294010004725 | 17/59/ | BIJU.R.S | Bijuvihar | 193.05 |
| 17 | 50294010012088 | 17/318/A | Secretory | HWCS Ltd 272 | 446.4 |
| 18 | 50294010013079 | 18/92/ | C.KRISHNAMMA | PULIVILA KADAYARA VEEDU | 120 |
| 19 | 50294010010572 | 18/482/D | Justin Lopez.P,Suni | J.S Villa | 152.92 |
| 20 | 50294010008363 | 18/483/ | Justin Lopez.P | J S Villa Muryathottam Payattuvila P O | 146 |
| 21 | 50294010008364 | 18/484/ | Justin Lopez.P | J S Villa Muryathottam Payattuvila P O | 146 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/28.10.2025) മറുപടി ലഭ്യമായില്ല. മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15-3 നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 (എ)(എ), 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ മേൽ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം 10-ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് . കൂടാതെ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് സാധാരണ കെട്ടിടനമ്പർ നൽകുന്ന രീതിയിലായിരിക്കാൻ പാടുള്ളതല്ലായെന്നും പ്രസ്തുത കെട്ടിടത്തിന്, അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "യു.എ" (UA)എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നല്കേണ്ടതാണെന്നും ചട്ടം 20(2) ൽ വ്യക്തമാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ ഗണത്തിൽപ്പെട്ട കെട്ടിടങ്ങളിൽ പലതിനും നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "യു.എ." എന്ന നമ്പരോ വർഷമോ നൽകിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | **Building ID** | **Door NO** | **Owner Name** |
|---|---|---|---|
| 1 | 50294010018159 | 9/2/B | Jose&Usha.E |
| 2 | 50294010018181 | 9/31/A | Sirafi |
| 3 | 50294010018077 | 9/36/D | ClemancyAnil |
| 4 | 50294010018150 | 9/36/E | Nirmala |
| 5 | 50294010018153 | 9/36/F | Nirmala |
| 6 | 50294010018222 | 9/66/A | Shiluvanamma |
| 7 | 50294010018201 | 9/83/B | Balsital |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/28.10.2025) മറുപടി ലഭ്യമായില്ല. മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15-4 ടെലിഫോൺ ടവർ വസ്തുനികുതി കുടിശ്ശിക അടവാക്കാനുണ്ട്

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർക്കുന്ന ടെലിഫോൺ ടവറിൽ നിന്നും വസ്തുനികുതി കുടിശ്ശിക നിലനിൽക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നമ്പർ | മേൽവിലാസം | കുടിശ്ശിക തുക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | 11/348A | റിലയൻസ് ഇൻഫോകോം ലി, സഹോദരൻ അയ്യപ്പൻ റോഡ് | 37,539 | 2021 IInd Half – 2024 IInd Half |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/28.10.2025) മറുപടി ലഭ്യമായില്ല. വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി നിർണ്ണയം നിരീക്ഷണങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

## 1-16 തനത് വരുമാനം - പൂർണ്ണമായും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. വാർഷിക ധനകാര്യ പത്രിക ബി-15 ഷെഡ്യൂൾ പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Sl No | Code | Head | Amount |
|---|---|---|---|
| 1 | 431100101 | Receivables For Propery Tax On Residential Buildings (Current) | 2,90,814 |
| 2 | 431100102 | Receivables For Propery Tax On Residential Buildings (Arrears) | 46,786 |
| 3 | 431100103 | Receivables For Propery Tax On Non-Residential Buildings (Current) | 1,75,086 |
| 4 | 431100104 | Receivables For Propery Tax On Non-Residential Buildings (Arrears) | 54,554 |
| 5 | 431400102 | Rent Receivables From Buildings (Arrears) | 56,100 |
| 6 | 431400105 | Receivables Towards Market Receipts (Current) | 600 |
| 7 | 431400106 | Receivables Towards Market Receipts (Arrears) | 48,354 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/27.10.2025) മറുപടി ലഭ്യമായില്ല. വാർഷിക ധനകാര്യ പത്രിക ബി-15 ഷെഡ്യൂൾ പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക പിരിച്ചെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-1 റേഷൻ ഷോപ്പുകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.02.2019 ലെ (സി.എ,സ്) എ9-764/2019-ാം നം. കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ നടപ്പ് സാമ്പത്തിക വർഷം തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/27.10.2025) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ റേഷൻ കടകളെയും ഉൾപ്പെടുത്തി തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17-2 തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡേറ്റാബേസ് സൂക്ഷിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെ അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെ അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്. സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും, മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തു പരിധിയിലെ ഡോക്ടർമാർ, എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരവും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/27.10.2025) മറുപടി ലഭ്യമായില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരുടെയും ഡേറ്റാബേസ് തയ്യാറാക്കി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും, ആയത് പ്രകാരം തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-3 പരിഷ്കരിച്ച സ്ലാബുകൾ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ് 27.06.2024ലെ സ.ഉ.(സാധാ) നം.1149/2024/LSGD നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിക്കുകയും, ആയത് രണ്ടാം അർദ്ധ വർഷം മുതൽ പ്രാബല്യത്തിൽ വരുകയും ചെയ്തു. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പരിഷ്കരിച്ച സ്ലാബുകൾ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. കണ്ടെത്തിയ അപാകങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്/ ഉദ്യോഗപ്പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | ബാബു കെ എസ് | അഗസ്ത്യ ടൂറിസം മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് | 4,20,000 | 1250 | 1000 | 250 |
| 2 | സുധ മോൾ | മെഡിക്കൽ ഓഫീസ് ഇൻ ചാർജ് FHCകോട്ടുകാൽ | 43,200 | 600 | 450 | 150 |
| 3 | ആരോഗ്യമേരി | സോമതീരം ആയുർവേദിക് ഹോസ്പിറ്റൽ & യോഗ സെന്റർ പ്രൈവറ്റ് ലിമിറ്റഡ് | 65,113 | 750 | 600 | 150 |
| 4 | സനു പി കെ | മിനി മുത്തൂറ്റ് നിധി (കേരള) ലിമിറ്റഡ്, ചപ്പാത്ത് | 72,828 | 750 | 600 | 150 |
| 5 | സംഗീത വി എം | ,, | 58,308 | 750 | 450 | 300 |
| 6 | ജോയ് ജി | ” | 19,436 | 450 | 180 | 270 |
| 7 | ജിതിൻ മധു | ഹിമല പ്രൈം അസ്സെറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, കോവളം | 66,660 | 750 | 600 | 150 |
| 8 | ആതിര മനോജ് | ,, | 62,300 | 750 | 600 | 150 |
| 9 | ശിവപ്രസാദ് എസ് | ,, | 55,481 | 750 | 450 | 300 |
| 10 | കൃഷ്ണകുമാർ | ,, | 46,290 | 750 | 450 | 300 |
| 11 | ഗൗരി എം എസ് | ,, | 45,576 | 750 | 450 | 300 |
| 12 | നിസാർ എം | ,, | 40,503 | 600 | 300 | 300 |
| 13 | ലിബിൻ മാത്യു | ,, | 38,067 | 600 | 300 | 300 |
| 14 | രാജു ഗൗർ | ,, | 30,890 | 600 | 300 | 300 |
| 15 | സാഹിദ് മൊണ്ടാൽ | ,, | 30,032 | 600 | 300 | 300 |
| 16 | ജോയൽ ബേബി | ,, | 27,561 | 450 | 180 | 270 |
| 17 | അജൽ ജയൻ | ,, | 20,323 | 450 | 180 | 270 |
| 18 | ഗോകുൽ പ്രദീപ് | ,, | 18,742 | 450 | 180 | 270 |
| 19 | ദീപ്തി ചന്ദ്രൻ | ,, | 16,967 | 320 | 120 | 200 |
| 20 | അനുപം സമന്ത | ,, | 29,300 | 450 | 180 | 270 |
| 21 | സുജത് മാർട്ടി | ,, | 28,327 | 450 | 180 | 270 |

| | | | | | | |
|---|---|---|---|---|---|---|
| 22 | ശ്രീനു ജി | ,, | 58,204 | 750 | 450 | 300 |
| 23 | നുബിൻ കെ ബി | ,, | 53,326 | 750 | 450 | 300 |
| 24 | അഭിഷേക് പി പിള്ള | ,, | 49,677 | 750 | 450 | 300 |
| 25 | സദാശിവൻ എ | ,, | 64,452 | 750 | 600 | 150 |
| 26 | ബിശാൽ ഛേത്രി | ,, | 66,944 | 750 | 600 | 150 |
| 27 | റീഗൻ ജെ | ,, | 60,494 | 750 | 600 | 150 |
| 28 | അഭിഷേക് കുമാർ സവിത | ,, | 20,000 | 450 | 180 | 270 |
| 29 | മാത്യൂസ് ജോൺ | ,, | 74,807 | 750 | 600 | 150 |
| 30 | ആതിര മനോജ് | ,, | 62,300 | 750 | 600 | 150 |
| 31 | കൃഷ്ണ കുമാർ | ,, | 52,242 | 750 | 450 | 300 |
| 32 | ശിവപ്രസാദ് എസ് | ,, | 64,727 | 750 | 600 | 150 |
| 33 | സിജി | ,, | 42,387 | 600 | 300 | 300 |
| | | | | | Total | 8,090 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/27.10.2025) മറുപടി ലഭ്യമായില്ല. തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-4 വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി നിയമം വകുപ്പ് 205(ഐ) പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അടവ് തുക അവരുടെ പേരിൽ വരവ് വയ്ക്കേണ്ടതുമാണ്. എന്നാൽ സ്ഥാപനം ഹാജരാക്കിയ തൊഴിൽ നികുതി രജിസ്റ്ററിൽ വാർഡു തിരിച്ചുള്ള സ്ഥാപനങ്ങളുടെ വിവരവും അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരവും ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/27.10.2025) മറുപടി ലഭ്യമായില്ല. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-5 മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരുടെ വിവരവും, അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/27.10.2025) മറുപടി ലഭ്യമായില്ല. പഞ്ചായത്ത് പരിധിയിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും, കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥന് രേഖാമൂലം അറിയിപ്പ് നൽകേണ്ടതും വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17-6 തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല

ചട്ടം 14, 16 എന്നിവ പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോ ജീവനക്കാരുടെ പേരുവിവരം, ശമ്പളത്തിന്റെ സ്റ്റേറ്റ്മെന്റ് സഹിതം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കുന്നതിനായി സമർപ്പിച്ച റിട്ടേൺ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അർദ്ധ വാർഷിക വരുമാനം സംബന്ധിച്ച് രെജിസ്റ്ററിലും രേഖപ്പെടുത്തലുകളില്ല (ഏതാനും ഉദാഹരണങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു). ആയതിനാൽ യഥാർത്ഥ നിരക്കിലാണോ നികുതി അടവാക്കിയിരിക്കുന്നതെന്ന് കണക്കാക്കാൻ സാധിക്കാതെ വരുന്നു.

| നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | NHM Ayush Ayurveda PHC - Kottukal |
| 2 | Muthoot Fincorp Ltd Chowara |

തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/27.10.2025) മറുപടി ലഭ്യമായില്ല. അനുബന്ധ രേഖകൾ ഉൾപ്പെടുത്തി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17-7 തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ 2024-25 സാമ്പത്തിക വർഷത്തിൽ, ഒന്ന്, രണ്ട് അർദ്ധവർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്ത ഏതാനും സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | BICT കമ്പ്യൂട്ടർ എഡ്യൂക്കേഷൻ, ഉച്ചക്കട | IInd Half |
| 2 | ചമത്തിൽ ആയുർവേദ ആശുപത്രി | IInd Half |
| 3 | SBI ഉച്ചക്കട | IInd Half |
| 4 | KSEB കോട്ടുകാൽ | IInd Half |
| 5 | Bevco കോട്ടുകാൽ | IInd Half |
| 6 | ഗവ DVLPS കോട്ടുകാൽ | IInd Half |
| 7 | ഷിൻശിവ ആയുർവേദിക് ഹോസ്പിറ്റൽ | IInd Half |
| 8 | മുത്തൂറ്റ് മർച്ചന്റെൽ ലിമിറ്റഡ്, പുന്നക്കുളം | IInd Half |
| 9 | PHC കോട്ടുകാൽ | IInd Half |
| 10 | ആനന്ദം ആയുർവേദിക് സെന്റർ, ചൊവ്വര | IInd Half |
| 11 | ഗവ LPBS, ചൊവ്വര | IInd Half |
| 12 | SBI ചൊവ്വര | IInd Half |
| 13 | മുത്തൂറ്റ് മർച്ചന്റെൽ ലിമിറ്റഡ്, ഉച്ചക്കട | IInd Half |
| 14 | നിരാമയ റിട്രീറ്റ്, പുളിങ്കുടി | Ist & IInd Half |
| 15 | ഹോപ്പ് ഡയഗ്നോസിസ് സെന്റർ | Ist & IInd Half |
| 16 | ആനന്ദലക്ഷ്മി ആയുർവേദ റിട്രീറ്റ് | Ist & IInd Half |
| 17 | സിന്ധുജ ഹോസ്പിറ്റൽ | Ist & IInd Half |
| 18 | ഗോഡ്സ് ഓൺ കൺട്രി | Ist & IInd Half |
| 19 | ആയുർബർത്ത് ഹീലിംഗ് സെന്റർ | Ist & IInd Half |
| 20 | ന്യൂ ഐഡിയൽ പഞ്ചകർമ സെന്റർ & പ്രൈവറ്റ് ഹോസ്പിറ്റൽ | Ist & IInd Half |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/27.10.2025) മറുപടി ലഭ്യമായില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-8 സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ 2024-25 സാമ്പത്തിക വർഷം ഒന്ന്, രണ്ട് അർദ്ധവർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഏതാനും സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കാനുള്ള അർദ്ധവർഷം |
|---|---|---|
| 1 | ഫോക്കസ് സ്പെഷ്യൽ ട്യൂഷൻ സെന്റർ | Ist |
| 2 | BICT കമ്പ്യൂട്ടർ എഡ്യൂക്കേഷൻ, ഉച്ചക്കട | Ist & IInd |
| 3 | ചമത്തിൽ ആയുർവേദ ആശുപത്രി | Ist & IInd |
| 4 | SBI ഉച്ചക്കട | Ist & IInd |
| 5 | ഹോട്ടൽ ഹാർമോണിയ | Ist & IInd |

| | | |
|---|---|---|
| 6 | അഗസ്ത്യ ടൂറിസം മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് | Ist & IInd |
| 7 | മാവേലി സ്റ്റോർ പുന്നക്കുളം | Ist & IInd |
| 8 | KSEB കോട്ടുകാൽ | Ist & IInd |
| 9 | മുത്തൂറ്റ് മൈക്രോഫിന് ലിമിറ്റഡ് | Ist & IInd |
| 10 | അവണാകുഴി സർവീസ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | Ist & IInd |
| 11 | Bevco കോട്ടുകാൽ | Ist & IInd |
| 12 | ഷിൻശിവ ആയുർവേദിക് ഹോസ്പിറ്റൽ | Ist & IInd |
| 13 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് ചൊവ്വര | Ist |
| 14 | മുത്തൂറ്റ് മർച്ചന്റെൽ ലിമിറ്റഡ്, പുന്നക്കുളം | Ist & IInd |
| 15 | കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്ക്, പുന്നക്കുളം | Ist & IInd |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/27.10.2025) മറുപടി ലഭ്യമായില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി നിർണ്ണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകത

ഗ്രാമപഞ്ചായത്തിൽ നിന്നും തൊഴിൽ നികുതി ഒടുക്ക് വരുത്തേണ്ട സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവരിൽ നിന്നും നികുതി ഈടാക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

## 1-18-1 ലൈസൻസ് നേടിയ വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം - സഞ്ചയ സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല

സഞ്ചയ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും 2024-25 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ച് നൽകിയ വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 1201 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 56 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 5 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 21 |
| 5 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 40 |
| | ആകെ | 1323 |

എന്നാൽ, 289 പേർക്കാണ് 2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്. ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് (ലൈസൻസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ഒഴികെ) ഫീൽഡ് തല അന്വേഷണം നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/27.10.2025) മറുപടി ലഭ്യമായില്ല. മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18-2 ട്രേഡ്രേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡ്രേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നില്ല. ട്രേഡ്രേഴ്സ് ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/27.10.2025) മറുപടി ലഭ്യമായില്ല. ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡ്രേഴ്സ് ലിസ്റ്റ് പരിപാലിക്കേണ്ടതാണ്.

## 1-18-3 റേഷൻ ഷോപ്പുകളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കുന്നില്ല

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.02.2019 ലെ (സി.എ,സ്) എ9-764/2019-ാം നം. കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ ഒന്നും തന്നെ ലൈസൻസ് ഫീ ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/27.10.2025) മറുപടി ലഭ്യമായില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ റേഷൻ കടകളെയും ലൈസൻസ് എടുപ്പിക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18-4 സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

2024-25 സാമ്പത്തിക വർഷത്തെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്റ്ററിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് നേടിയിട്ടില്ല.

| നമ്പർ | പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ജയചന്ദ്രൻ സി ആർ | നിരാമയ റിട്രീറ്റ്, പുളിങ്കുടി |
| 2 | ആഷ്‌ലി ചാക്കോ | ഹോപ്പ് ഡയഗ്നോസിസ് സെന്റർ |
| 3 | രാധാകൃഷ്ണൻ എൻ കെ | ആനന്ദലക്ഷ്മി ആയുർവേദ റിട്രീറ്റ് |
| 4 | ഡോ. മോഹനകുമാർ | സിന്ധുജ ഹോസ്പിറ്റൽ |
| 5 | വർഗീസ് ചമത്തിൽ | ഗോസ്റ്റ് ഓൺ കൺട്രി |
| 6 | ഡോ. ഫ്രെഡറിക് തോമസ് | ആയുർബർത്ത് ഹീലിംഗ് സെന്റർ |
| 7 | സുനു സി എസ് | ന്യൂ ഐഡിയൽ പഞ്ചകർമ്മ സെന്റർ & പ്രൈവറ്റ് ഹോസ്പിറ്റൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/27.10.2025) മറുപടി ലഭ്യമായില്ല. സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18-5 ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ-വിവരങ്ങൾ ലഭ്യമല്ല

2012ലെ കേരള പഞ്ചായത്ത് രാജ് (ലൈഫ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈഫ് സ്റ്റോക്ക് ഫാമുകൾ/ പൗൾട്രി ഫാമുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തിൽ നിന്ന് ലൈസൻസ് ലഭ്യമാക്കേണ്ടതാണ്. ഫാം നടത്തുന്നതിന് ലൈസൻസിനുള്ള അപേക്ഷ ഫാറം 2 മാതൃകയിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ/പക്ഷികളുടെ എണ്ണം, ലഭ്യമായ ഭുവിസ്തൃതി, കെട്ടിടങ്ങളുടെ വിവരണം, മാലിന്യങ്ങൾ കൈയൊഴിയുന്നതിന് സ്വീകരിച്ച മാർഗങ്ങൾ എന്നിവ ഉൾപ്പെടുത്തി നൽകേണ്ടതും നിബന്ധനകൾ പാലിക്കുന്നുണ്ടെങ്കിൽ സെക്രട്ടറി ലൈസൻസ് അനുവദിക്കേണ്ടതും സ്ഥല പരിശോധന നടത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 48 ഡയറി ഫാം, 19 ഗോട്ട് ഫാം, 16 ഇറച്ചിക്കോഴി ഫാം എന്നിങ്ങനെ ആകെ 83 ഫാമുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ എ.എഫ്.എസ് പ്രകാരം ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയ ഇനത്തിൽ 600/-രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്ററിൽ ഫാമുകൾ ഒന്നും തന്നെ ഉൾപ്പെട്ടിട്ടില്ല. ടി അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/27.10.2025) മറുപടി ലഭ്യമായില്ല. ടി അപാകതയ്ക്കുള്ള വിശദീകരണം, ഫാമുകൾ ലൈസൻസ് എടുപ്പിക്കുന്നതിന് സ്വീകരിച്ച നടപടി വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ- നപടിക്രമങ്ങളിലെ വീഴ്ച

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## 1-19-1 ഭരണസമിതി കമ്മിറ്റി - മിനിട്ട്സ് സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല

1995ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണസമിതി യോഗം പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് വച്ച് സെക്രട്ടറി വായിച്ച ശേഷം യോഗം തീർന്നാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അംഗീകരിച്ച തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗ നടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അധ്യക്ഷന്റെ അംഗീകാരത്തിന് നൽകേണ്ടതാണ്. ആയത് ലഭിച്ച് 24 മണിക്കൂറിനകം പ്രസിഡന്റ് സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതാണ്. അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻതന്നെ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഭരണതലത്തിൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗ മിനിട്ടുകൾ പൊതുജനങ്ങളുടെ അറിവിലേക്ക് നൽകുന്നതിൽ കാലതാമസം ഉണ്ടായിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് കമ്മിറ്റി കൂടിയ തീയതി | മിനിട്ട്സ് സെക്രട്ടറി അംഗീകരിച്ച തീയതി | മിനിട്ട്സ് പ്രസിഡന്റ് അംഗീകരിച്ച തീയതി |
|---|---|---|
| 14-6-2024 | 27-9-2024 | 27-9-2024 |
| 6-8-2024 | 4-10-2024 | 4-10-2024 |
| 12-9-2024 | 4-11-2024 | 4-11-2024 |

സമയബന്ധിതമായി യോഗമിനിട്ട്സ് അപ്രൂവ് ചെയ്ത് പൊതുജനങ്ങൾക്ക് യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 ഗ്രാമസഭാ മിനിറ്റ്സ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

കോട്ടുകാൽ പഞ്ചായത്തിൽ ആകെ 19 വാർഡുകളാണുള്ളത്. ഗ്രാമസഭാ നിയമം അനുശാസിക്കുന്ന പ്രകാരം ഗ്രാമസഭകൾ നിശ്ചിത ഇടവേളകളിൽ ചേരുന്നില്ല. വിവിധ പദ്ധതികളിലേക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ, ഗുണഭോക്ത ലിസ്റ്റ് അംഗീകരിക്കൽ, 2025-26 വാർഷിക പദ്ധതി രൂപീകരണം എന്നിവയാണ് ഗ്രാമസഭകളിലെ അജണ്ടകൾ.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) അനുസരിച്ച് ഗ്രാമസഭ കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതും യോഗം ചേരുന്ന വിവരം ഒരു പൊതു നോട്ടീസ് മുഖേന ഗ്രാമസഭയുടെ കൺവീനർ ഗ്രാമസഭാംഗങ്ങളെ അറിയിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ 2024-25 വർഷം ഓരോ വാർഡിലും രണ്ട് ഗ്രാമസഭകളാണ് കൂടിയിട്ടുള്ളത് എന്ന് മിനിറ്റ്സ് വ്യക്തമാക്കുന്നു. ജനങ്ങൾ തങ്ങൾക്ക് വേണ്ടതായ പദ്ധതികൾ സ്വയം ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനായി രൂപം നൽകിയ വികേന്ദ്രീകൃത ആസൂത്രണ സംവിധാനം ഫലപ്രദവും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് സമയബന്ധിതമായ ഇടപെടലുകൾ ജനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഇത് സാധ്യമാക്കുന്നതിന് മൂന്നുമാസം കൂടുമ്പോൾ ഗ്രാമസഭകൾ ചേരാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഗ്രാമസഭകളിൽ പദ്ധതി നിർവഹണഘട്ടത്തിലും പൂർത്തീകരിച്ചതിനുശേഷം ഉള്ള കാര്യങ്ങൾ പരിശോധിക്കപ്പെടേണ്ടതും സ്വതന്ത്ര്യവും നിഷ്പക്ഷവുമായ വിലയിരുത്തലുകൾ ഉണ്ടാകേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതി അംഗങ്ങളുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-20 സാമൂഹ്യസുരക്ഷ പെൻഷനുകൾ അനുവദിക്കുന്നതിന് കാലതാമസം

2012-ലെ സേവനാവകാശ നിയമ പ്രകാരം സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷകൾ കൈപ്പറ്റിയ ശേഷം 40 ദിവസത്തിനുള്ളിൽ അവയിൽ തീർപ്പ് കല്പിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ള സാമൂഹ്യസരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട നിരവധി അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കല്പിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| No | Name | Pension Type | Pension Id | Application Date | Pension Approved Date |
|---|---|---|---|---|---|
| 1 | ലൂർദ്ദ്മേരി | വാർദ്ധക്യകാല പെൻഷൻ | 102940204358 | 16/12/2024 | 09/03/2025 |
| 2 | രമണി | വാർദ്ധക്യകാല പെൻഷൻ | 102940204343 | 11/12/2024 | 09/03/2025 |
| 3 | മണിയൻ ഡി | വാർദ്ധക്യകാല പെൻഷൻ | 102940204348 | 19/11/2024 | 09/03/2025 |
| 4 | ജോൺലാംബർട്ട് | ഡിസബിലിറ്റി പെൻഷൻ | 102940300032 | 29/08/2024 | 05/03/2025 |
| 5 | ബിനു | ഡിസബിലിറ്റി പെൻഷൻ | 102940300031 | 19/08/2024 | 05/03/2025 |
| 6 | കൊരുപ്പിൻ ഡി | വാർദ്ധക്യകാല പെൻഷൻ | 102940204406 | 18/01/2025 | 29/03/2025 |
| 7 | ആനന്ദൻ കെ എസ് | വാർദ്ധക്യകാല പെൻഷൻ | 102940204382 | 01/01/2025 | 11/03/2025 |
| 8 | പുഷ്പം | വാർദ്ധക്യകാല പെൻഷൻ | 102940204357 | 16/12/2024 | 09/03/2025 |
| 9 | എസ് ശാന്തകുമാരി | വാർദ്ധക്യകാല പെൻഷൻ | 102940204359 | 17/12/2024 | 09/03/2025 |
| 10 | ഗിരിജദേവി ആർ | വാർദ്ധക്യകാല പെൻഷൻ | 102940204346 | 19/12/2024 | 09/03/2025 |

പെൻഷൻ അനുവദിക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/29.10.2025) മറുപടി ലഭ്യമായില്ല. 2012-ലെ സേവനാവകാശ നിയമപ്രകാരം സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷകൾ കൈപ്പറ്റി 40 ദിവസത്തിനുള്ളിൽ അവയിൽ തീർപ്പ് കല്പിക്കേണ്ടതാണ്.

## 1-21 ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നില്ല

പ്രോജക്ടിന്റെ പേര് – പഞ്ചായത്ത് ഓഫീസിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ (247/25)

അടങ്കൽ തുക – 50,000/- (തനത് ഫണ്ട്)

ചെലവ് തുക – 33,488/- (Ch. No. 045694/11.3.25)

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ (നോർത്ത്)

പഞ്ചായത്ത് ഓഫീസിൽ ഖരമാലിന്യ പരിപാലനത്തിന്റെ ഭാഗമായി ജൈവമാലിന്യ സംസ്കരിക്കുന്നതിനായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതാണ് പദ്ധതി. പ്രസ്തുത പദ്ധതിയ്ക്കായി Biotech Renewable Energy എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ മുഖേന ബയോഗ്യാസ് പ്ലാന്റ് വാങ്ങി. ഓഡിറ്റിന്റെ ഭാഗമായി (27.10.25, 12.30ന്) നടത്തിയ സ്ഥല പരിശോധനയിൽ ബയോഗ്യാസ് പ്ലാന്റിൽ ഗ്യാസ് നിറഞ്ഞ് നിൽക്കുന്നതായും ആയത് ഉപയോഗിക്കാത്തനിലയിലും കണ്ടു. പ്രസ്തുത പ്ലാന്റ് ഉപയുക്തമാക്കി മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-22 മെൻസ്ട്രുവൽ കപ്പുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.ചെലവ് തടസ്സപ്പെടുത്തുന്നു. രൂപ 1,72,495/-

| | |
|---|---|
| പദ്ധതി നമ്പർ | 71/25 |
| പദ്ധതിയുടെ പേര് | മെൻസ്ട്രുവൽ കപ്പ് വാങ്ങി നൽകൽ |
| അടങ്കൽ തുക | രൂ.20,91,759/- (വികസന ഫണ്ട്) |
| ചെലവ് തുക | രൂ.1,72,495/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

| | |
|---|---|
| ബിൽ നമ്പർ/ തീയതി/തുക | 329/31.12.24 - 1,72,495/- |

മേൽ പദ്ധതി പ്രകാരം HLL Life Care Ltd.- ൽ നിന്നും 575 എണ്ണം LSR (Liquid Silicone Rubber) മെൻസ്ട്രുവൽ കപ്പുകൾ Invoice No. 9423055931 തീ.14.01.25 പ്രകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ ഇത് സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റേയും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/25 തീ. 30.10.25) മറുപടി ലഭ്യമാക്കിയില്ല. മെൻസ്ട്രുവൽ കപ്പുകൾ വാങ്ങി സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റേയും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അത് വരെ ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 മരുന്ന് പൂർണ്ണമായി ലഭ്യമായില്ല. - 1,08,298/- രൂപ തടസ്സം ചെയ്യുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | 27/25 |
| പദ്ധതിയുടെ പേര് | കുടുംബാരോഗ്യകേന്ദ്രത്തിന് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 24,36,161/- ( 9,70,470/- ധനകാര്യ കമ്മിഷൻ അവാർഡ്)<br>14,65,691/- (മെയിന്റൻസ് റോഡിതരം) |
| ചെലവ് തുക | 20,09,084/- (5,61,000/- ധനകാര്യ കമ്മിഷൻ അവാർഡ്)<br>14,48,084/-(മെയിന്റൻസ് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

പഞ്ചായത്തിലെ കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും ജീവിതശൈലി രോഗങ്ങൾ ഉൾപ്പെടെയുള്ള ചികിൽസകൾക്ക് വകുപ്പിൽ നിന്നും ലഭിക്കുന്ന മരുന്ന് അപര്യാപ്തമായതിനാൽ മേൽ പറഞ്ഞപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കുടുംബാരോഗ്യകേന്ദ്രത്തിന് മരുന്ന് വാങ്ങാനായി ചെലവാക്കിയ തുകയ്ക്ക് പൂർണ്ണമായും മരുന്ന് ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ,

| ക്രമ നമ്പർ | ബിൽ നമ്പർ/ തീയതി | ബിൽ തുക | ലഭിച്ച മരുന്ന് | ലഭിക്കാനുള്ള മരുന്ന് | മരുന്ന് ലഭ്യമാക്കിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 80/06.08.24 | 1,25,000/- | 1,07,765/- | 17,235/- | സപ്ലൈകോ മെഡിക്കൽസ് കാഞ്ഞിരംകുളം |
| 2 | 504/23.02.25 | 2,45,500/- | 2,39,468/- | 6,032/- | സപ്ലൈകോ മെഡിക്കൽസ് കാഞ്ഞിരംകുളം |
| 3 | 673/24.03.25 | 85,031/- | ----- | 85,031/- | സപ്ലൈകോ മെഡിക്കൽസ് കാഞ്ഞിരംകുളം |
| | **ആകെ** | | | **1,08,298/-** | |

സപ്ലൈകോ മെഡിക്കൽസിന് മുൻകൂറായി പണം നൽകിയതിന് വിശദീകരണം നൽകേണ്ടതും മരുന്ന് ലഭ്യമാക്കി ആയത് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അത് വരെ 1,08,298/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 പാലിയേറ്റീവ് കെയർ - സാധനങ്ങൾ ലഭ്യമായതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു. രൂപ 14,757/-

| | |
|---|---|
| പദ്ധതി നമ്പർ | 236/25 |
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് കെയർ - വൃദ്ധർ |
| അടങ്കൽ തുക | 14,757/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് തുക | 14,757/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| ബിൽ നമ്പർ/ തീയതി/തുക | 664/24.03.25 14757/- |

പാലിയേറ്റീവ് കെയർ - വൃദ്ധർ എന്ന പദ്ധതി പ്രകാരം ഗ്ലൗസ്, ഡയപ്പർ (അഡൽറ്റ്), വാക്കർ ഫോൾഡിങ്, കത്തീറ്റർ, വാട്ടർ ബെഡ്, സിറിഞ്ച് എന്നിവ വാങ്ങുന്നതിനായി In House Drug Bank ന്

14,757/- രൂപ നൽകിയിട്ടുണ്ട്. ഈ സാധനങ്ങൾ ലഭ്യമായതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/25 തീ. 30.10.25) മറുപടി ലഭ്യമാക്കിയില്ല. സാധനങ്ങൾ ലഭ്യമായി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അത് വരെ ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 പാലിയേറ്റീവ് കെയർ - പദ്ധതി അപാകതകൾ - ചെലവ് തുക തടസ്സപ്പെടുത്തുന്നു - രൂപ 1,62,458.37

| | |
|---|---|
| പദ്ധതി നമ്പർ | 33/25 |
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് കെയർ -അലോപ്പതി |
| അടങ്കൽ തുക | 12,74,450/- (7,24,450/-വികസന ഫണ്ട്, ജനറൽ ) (55,000/- മെയിന്റനൻസ് - റോഡിതരം) |
| ചെലവ് തുക | 10,30,679/- (5,43,512/-വികസന ഫണ്ട് ജനറൽ) (4,87,167/- മെയിന്റനൻസ് - റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

അവശത അനുഭവിക്കുന്ന രോഗികളെ പരിചരിക്കുന്നതിലേയ്ക്കായി മരുന്നും മറ്റ് അനുബന്ധ സാമഗ്രികൾ, പാലിയേറ്റീവ് ഉപകരണങ്ങൾ എന്നിവ വാങ്ങൽ, പാലിയേറ്റീവ് നഴ്സിന്റെ വേതനം, പാലിയേറ്റീവ് ആംബുലൻസ് ഡ്രൈവറുടെ വേതനം, ഫോൺ അലവൻസ്, പ്രിന്റിങ്, സ്റ്റേഷനറി, ഹോം കെയർ ഭക്ഷണം, പാലിയേറ്റീവ് യൂണിഫോം, ആംബുലൻസ് ഇന്ധന ചെലവ് തുടങ്ങിയ ആവശ്യങ്ങൾക്കാണ് മേൽ പദ്ധതി പ്രകാരം തുക വകയിരിത്തിയിരുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ കാണുന്നു.

എ) മരുന്ന് വാങ്ങാനായി ചെലവാക്കിയ തുകയ്ക്ക് പൂർണ്ണമായും മരുന്ന് ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ,

| ക്രമ നമ്പർ | ബിൽ നമ്പർ/ തീയതി | ബിൽ തുക | ലഭിച്ച മരുന്ന് | ലഭിക്കാനുള്ള മരുന്ന് | മരുന്ന് ലഭ്യമാക്കിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 314/31.12.24 | 2,21,000/- | 1,94,099.63 | 26,900.37 | സപ്ലൈകോ മെഡിക്കൽസ് കാഞ്ഞിരംകുളം |
| 2 | 670/24.03.25 | 93,878/- | ---- | 93,878/- | In House Drug Bank |
| | ആകെ | | | **1,20,778.37** | |

1,20,778.37 രൂപയുടെ മരുന്ന് ലഭിച്ച് സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അത് വരെ ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി) പദ്ധതി പ്രകാരം ചെലവായ 41,680/- രൂപയുടെ (ബിൽ നമ്പർ- 85/06.08.24) ബിൽ, അനുബന്ധ ചെലവ് രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ടി 41,680/- രൂപ തടസ്സം ചെയ്യുന്നു.

## 1-26 "ആരോഗ്യം ആനന്ദം" - കാൻസർ സ്ക്രീനിങ് ക്യാമ്പയിൻ - മരുന്ന്/ സാധനങ്ങൾ ലഭ്യമായില്ല - തുക തടസ്സപ്പെടുത്തുന്നു - 3,021/- രൂപ

| | |
|---|---|
| പദ്ധതി നമ്പർ | 22/25 |
| പദ്ധതിയുടെ പേര് | ക്യാൻസർ നിയന്ത്രണ പദ്ധതി |
| അടങ്കൽ തുക | 20,000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് തുക | 16,481/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| ബിൽ നമ്പർ/ തീയതി/തുക | 667/24.03.25 – 16,481/- |

സംസ്ഥാന ആരോഗ്യ വകുപ്പിന്റെ "ആരോഗ്യം ആനന്ദം" - കാൻസർ സ്ക്രീനിങ് ക്യാമ്പയിൻ ന്റെ ഭാഗമായി മെഡിക്കൽ ഓഫീസർ അവരുടെ അധികാര പരിധിയിലുള്ള ആശാ പ്രവർത്തകർ, അങ്കണവാടി ജീവനക്കാർ എന്നിവർക്കായി പ്രത്യേക കാൻസർ സ്ക്രീനിങ് ക്ലിനിക്കുകൾ നടത്തേണ്ടതാണെന്ന നിർദ്ദേശത്തെ തുടർന്ന് പഞ്ചായത്തിൽ നടത്തിയ സ്ക്രീനിങ് ക്ലിനിക്കിന് ആവശ്യമായ സാധനങ്ങൾ വാങ്ങാൻ പദ്ധതി അടങ്കൽ തുകയിൽ നിന്ന് 3,021/- രൂപ In House Drug Bank ന് നൽകിയിരുന്നു. ഫയൽ പരിശോധിച്ചതിൽ നിന്നും 3,021/- രൂപയ്ക്കുള്ള മരുന്ന്/

സാധനങ്ങൾ ലഭ്യമായതായി കാണുന്നില്ല. മരുന്ന്/സാധനങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അത് വരെ ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 ബഡ്സ് സ്കൂൾ പ്രവർത്തനം - അവലോകനം

കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ മണ്ണക്കല്ല് (വാർഡ് നം.3) എന്ന പ്രദേശത്തിലാണ് പഞ്ചായത്തിലെ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നത്. 2019 ഡിസംബർ 4–ാം തീയതി പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിന് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ 24 ആൺകുട്ടികളും 29 പെൺകുട്ടികളുമായി ആകെ 53 കുട്ടികൾ ഉണ്ട്. ഇതിൽ തീവ്രമായി വൈകല്യം ബാധിച്ച 7 കുട്ടികളുണ്ട്. 2024-25 വർഷത്തിൽ ആകെ 2 രക്ഷാകർതൃയോഗങ്ങൾ നടന്നിട്ടുണ്ട്. സ്ഥാപനത്തിന് സ്വന്തമായി വാഹനമില്ലാത്തതിനാൽ 22 പേർക്ക് സീറ്റിംഗ് കപ്പാസിറ്റിയുള്ള വാഹനം വാടകയ്ക്ക് എടുത്താണ് കുട്ടികളെ സ്ഥാപനത്തിൽ കൊണ്ടുവരുന്നത്. 25 വിദ്യാർത്ഥികൾ ഈ വാഹനസൗകര്യം ഉപയോഗിക്കുന്നുണ്ട്. G.O(M.S).148/09/LSGD തീ.29.07.2009 പ്രകാരമുള്ള കെട്ടിട സൗകര്യം ബഡ്സ് സ്കൂളിനുണ്ട്. ഈ കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. റാമ്പ് സൗകര്യമുള്ള 2 ക്ലാസ്സ് മുറികളാണ് ഉള്ളത്. സ്ഥാപനത്തിൽ സ്മാർട്ട് ടി വി, ഓഡിയോ സിസ്റ്റം, ആവശ്യമായ ഫർണിച്ചറുകളും ഉണ്ട്.

D.Ed. SE വിദ്യാഭ്യാസ യോഗ്യതയുള്ള 1 അദ്ധ്യാപികയും ഒരു ആയയും ഒരു പാചകതൊഴിലാളിയും ജോലി ചെയ്യുന്നുണ്ട്. 1:27 യാണ് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം. ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, മെഡിക്കൽ ഓഫീസർ തുടങ്ങിയവരുടെ സന്ദർശന വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ആൺകുട്ടികൾക്ക് ഒന്നും പെൺക്കുട്ടികൾക്ക് 2 വീതം പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം ഉണ്ട്. ഭക്ഷണമുറി, സ്റ്റോർ, അടുക്കള, വിനോദ മുറി/സ്ഥലം എന്നീ സൗകര്യങ്ങൾ ഉള്ള ഈ കെട്ടിടത്തിൽ ഓഡിയോളജി മുറി, ഫിസിയോതെറാപ്പിമുറി, ഓഫീസ് മുറി, വൊക്കേഷണൽ പരിശീലന മുറി എന്നീ സൗകര്യങ്ങളും ഉണ്ട്. ബഡ്സ് സ്കൂൾ ടീച്ചർക്ക് 34,190/- രൂപയും ആയയ്ക്ക് 19,310/- രൂപയും പ്രതിമാസ വേതനമായി നൽകുന്നുണ്ട്.

2024-25 വർഷത്തിൽ ബഡ്സ് സ്കൂളിന് തനത് ഫണ്ടിൽ നിന്ന് 3,23,114/- രൂപയും പ്ലാൻ ഫണ്ടിൽ നിന്ന് 4,13,155/- രൂപയും ലഭിച്ചിട്ടുണ്ട്. 2024-25 വർഷത്തിൽ MLA/MP ഫണ്ട് ഒന്നും തന്നെ ലഭിച്ചിട്ടില്ല.

വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന ഈ സ്ഥാപനത്തിൽ ജീവനക്കാരുടെ എണ്ണം അപര്യാപ്തമാണെന്ന് വിലയിരുത്തുന്നു. ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലൂടെ കുട്ടികളെ കൂടുതൽ ശ്രദ്ധിക്കാനും പരിചരിക്കാനും സഹായകമാകും എന്നും ഓഡിറ്റ് വിലയിരുത്തുന്നു.

## 1-28 ബെയിലിംഗ് മെഷിൻ സ്ഥാപിച്ചിട്ടില്ല - 6,00,000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് – ബൈയിലിംഗ് മെഷിൻ ഇൻ എം.സി.എഫ് (260/25)

അടങ്കൽ തുക – 6,00,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ് തുക - 6,00,000/- (Try.Bill No.53/25 Dtd.25.3.25)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

2024-25 സാമ്പത്തിക വർഷം അസി. സെക്രട്ടറി നടപ്പിലാക്കിയ ബൈയിലിംഗ് മെഷിൻ ഇൻ എം.സി.എഫ് എന്ന പ്രോജക്ട് പ്രകാരം ജെം പോർട്ടൽ മുഖേന ഫ്ലോററ്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും ബൈലിംഗ് മെഷിൻ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

. പദ്ധതിയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

. എം.സി.എഫ്-ൽ ബൈലിംഗ് മെഷിൻ സ്ഥാപിച്ചതിന്റെ-Installation Report ഫയലിൽ ലഭ്യമല്ല.

ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ (29.10.25,1.30pm) എം.സി.എഫ് സന്ദർശിക്കുകയും ബെയിലിംഗ് മെഷിൻ സ്ഥാപിച്ചിട്ടില്ലാത്തതായും കണ്ടു.പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചൂണ്ടികാണിച്ച് നല്കിയ എൻക്വയറി നമ്പർ 18/25 (29.10.25)ന് മറുപടിയിൽ മെഷിൻ സ്ഥാപിക്കുന്നതിന് പ്രസ്തുത കെട്ടിടത്തിൽ ത്രീഫെയ്സ് കണക്ഷൻ ലഭ്യമല്ലായെന്നും ത്രീഫെയ്സ് കണക്ഷൻ സ്ഥാപിക്കുന്നതിന് KSEB – ൽ നിന്നും എസ്റ്റിമേറ്റ് എടുക്കുന്നതിന് എത്തിയപ്പോൾ കെട്ടിടത്തിൽ വയറിംഗ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ആയത് സാധ്യമായില്ലായെന്നും, വയറിംഗ് പൂർത്തീകരിച്ച് അറിയിക്കുന്നമുറയ്ക്ക് KSEB എസ്റ്റിമേറ്റ് എടുത്തുനല്കുന്നതാണെന്നും പരാമർശിച്ചിരിക്കുന്നു. കൂടാതെ കെട്ടിടത്തിൽ വയറിംഗിന് ആവശ്യമായ എസ്റ്റിമേറ്റ് എടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയർക്ക് കത്ത് നല്കിയിട്ടുള്ളതായും പരാമർശിക്കുന്നു.

ബെയിലിംഗ് മെഷിൻ വാങ്ങുന്നതിന് മുൻപ് ആയത് സ്ഥാപിക്കാൻ ആവശ്യമായ സജ്ജീകരണങ്ങളെ സംബന്ധിച്ച് പഞ്ചായത്തിലെ സാങ്കേതിക വിദഗ്ദരുടെ സേവനം

ഉപയോഗപ്പെടുത്താത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനൊപ്പം പ്രാഥമിക ക്രമീകരണങ്ങൾ ഉറപ്പുവരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയാണ്. നിലവിൽ സ്ഥാപിച്ചിട്ടില്ലാത്ത ബെയ്‌ലിംഗ് മെഷീന് വേണ്ടി ചെലവിട്ട തുക (6,00,000/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബെയിലിംഗ് മെഷിൻ സ്ഥാപിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 മരുന്ന് ലഭ്യമായില്ല - 32,727/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് – ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (SO123/25)

അടങ്കൽ തുക – 2,00,000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം)

ചെലവ് തുക – 2,00,000/- (ACR Bill No. 38/3.7.24 – ₹2,00,000/-)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡി. ഓഫീസർ (ഹോമിയോ)

2024-25 സാമ്പത്തിക വർഷം മെഡി. ഓഫീസർ (ഹോമിയോ) നടപ്പിലാക്കിയ "ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ" പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് 2,00,000/- രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനവുമായി ഏർപ്പെട്ട കരാർ ഫയലിൽ ലഭ്യമല്ല. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നാളിതുവരെ 1,67,273/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത്. ശേഷിക്കുന്ന 32,727/- രൂപയുടെ മരുന്ന് ലഭ്യമാക്കാത്തതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/25 ന്റെ മറുപടിയിൽ അടിയന്തിരമായി മരുന്ന് നല്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഹോംകോയ്ക്ക് കത്ത് നല്കിട്ടുള്ളതായി അറിയിച്ചു.മരുന്ന് ലഭ്യമായി, ആയത് സ്റ്റോക്കിലെടുത്ത് ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 ലൈഫ് ഭവന പദ്ധതി - വീട്ടുപണി പൂർത്തിയാക്കിയിട്ടില്ല

ലൈഫ് ഭവന പദ്ധതി പ്രകാരം തുക കൈപ്പറ്റിയിട്ടും നാളിതുവരെ വീട് പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക കൈപറ്റിയതിന്റെ വിവരം |
|---|---|---|
| 1 | ബിനു | ആദ്യഗഡു – 16.3.23<br>അവസാന ഗഡു – കൈപ്പറ്റിയിട്ടില്ല<br>കൈപറ്റിയ തുക - 40,000/- |
| 2 | പ്രദീപ് | ആദ്യഗഡു -16.3.23<br>അവസാന ഗഡു-5.8.24<br>കൈപറ്റിയ തുക – 3,60,000/- |
| 3 | പ്രസാദ് | ആദ്യഗഡു – 16.3.23<br>അവസാന ഗഡു – 17.12.24<br>കൈപറ്റിയ തുക – 3,60,000/- |
| 4 | ശൈലജ | ആദ്യഗഡു – 16.3.23<br>അവസാന ഗഡു – 12.7.24<br>കൈപറ്റിയ തുക – 3,60,000/- |
| 5 | ശരണ്യ ജെ. ചന്ദ് | ആദ്യഗഡു – 16.3.23<br>അവസാന ഗഡു – കൈപ്പറ്റിയിട്ടില്ല<br>കൈപറ്റിയ തുക – 40,000/- |
| 6 | ശരത് എസ്. | ആദ്യഗഡു – 31.3.23<br>അവസാന ഗഡു – കൈപ്പറ്റിയിട്ടില്ല<br>കൈപറ്റിയ തുക – 40,000/- |
| 7 | സുമ എം. | ആദ്യഗഡു – 31.3.23<br>അവസാന ഗഡു – കൈപ്പറ്റിയിട്ടില്ല<br>കൈപറ്റിയ തുക – 40,000/- |
| 8 | ഹേമന്ത് കുമാർ | ആദ്യഗഡു – 9.6.23<br>അവസാന ഗഡു – 24.2.24 |

| | | |
|---|---|---|
| | | കൈപറ്റിയ തുക – 1,60,000/- |
| 9 | വിജയകുമാരി | ആദ്യഗഡു – 9.6.23<br>അവസാന ഗഡു – 23.7.25<br>കൈപറ്റിയ തുക – 3,60,000/- |
| 10 | ബേബി എ. | ആദ്യഗഡു – 31.7.23<br>അവസാന ഗഡു – 27.6.24<br>കൈപറ്റിയ തുക – 3,00,000/- |
| 11 | കോമളവല്ലി | ആദ്യഗഡു – 29.3.21<br>അവസാന ഗഡു – 27.7.21<br>കൈപറ്റിയ തുക – 3,60,000/- |
| 12 | മഹേശ്വരി | ആദ്യഗഡു – 30.3.21<br>അവസാന ഗഡു – 5.8.24<br>കൈപറ്റിയ തുക – 3,60,000/- |
| 13 | ഗീതു ജി. എസ്. | ആദ്യഗഡു – 26.6.21<br>അവസാന ഗഡു – കൈപ്പറ്റിയിട്ടില്ല<br>കൈപറ്റിയ തുക – 40,000/- |
| 14 | പ്രവീൺ എ. ഡി. | ആദ്യഗഡു – 26.8.21<br>അവസാന ഗഡു – 30.1.24<br>കൈപറ്റിയ തുക – 3,60,000/- |
| 15 | കുമാർ.എ | ആദ്യഗഡു – 8.11.22<br>അവസാന ഗഡു – 28.3.23<br>കൈപറ്റിയ തുക – 3,60,000/- |
| 16 | വിൻസന്റ്.എ | ആദ്യഗഡു – 10.9.21<br>അവസാന ഗഡു – കൈപ്പറ്റിയിട്ടില്ല<br>കൈപറ്റിയ തുക – 40,000/- |
| 17 | ജെയിൻമേരി | ആദ്യഗഡു – 9.5.23<br>അവസാന ഗഡു – കൈപ്പറ്റിയിട്ടില്ല<br>കൈപറ്റിയ തുക – 40,000/- |
| 18 | ജോയി | ആദ്യഗഡു -14.8.23<br>അവസാന ഗഡു-<br>കൈപറ്റിയ തുക – 40,000/- |
| 19 | യൂജിൻമേരി | ആദ്യഗഡു – 26.10.23<br>അവസാന ഗഡു – കൈപ്പറ്റിയിട്ടില്ല<br>കൈപറ്റിയ തുക – 40,000/- |
| 20 | ഔസേപ്പ് | ആദ്യഗഡു – 4.9.23<br>അവസാന ഗഡു – കൈപ്പറ്റിയിട്ടില്ല<br>കൈപറ്റിയ തുക- 40000 |
| 21 | പനിഅടിമ | ആദ്യഗഡു - 5.1.24<br>അവസാന ഗഡു - കൈപ്പറ്റിയിട്ടില്ല<br>കൈപറ്റിയ തുക – 40,000/- |
| 22 | ഷൺമുഖൻ | ആദ്യഗഡു – 31.3.23<br>അവസാന ഗഡു – കൈപ്പറ്റിയിട്ടില്ല<br>കൈപറ്റിയ തുക – 40,000/- |

മേൽപട്ടികയിലെ ക്രമ നം. 5, 6, 7, 13, 16, 17, 18, 19, 20, 21, 22 എന്നീ ഗുണഭോക്താക്കൾ, ആദ്യ ഗഡു കൈപ്പറ്റിയതിനുശേഷം, വീട് പണി നാളിതുവരെ തുടങ്ങിയിട്ടില്ല. ലൈഫ് ഭവന പദ്ധതി പ്രകാരം തുക കൈപ്പറ്റിയിട്ടും നാളിതുവരെ വീട് പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ മേൽ സ്വീകരിച്ച നടപടികൾ ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറി നം. 24/25 ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിശ്ചയിച്ച കാലയളവിനുള്ളിൽ ഭവന നിർമ്മാണം

പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും, നിയമാനുസൃത പലിശ സഹിതം തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 പാഥേയം പദ്ധതി - സർക്കാർ നിർദ്ദേശം പാലിച്ചില്ല - 5,71,920/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാഥേയം (229/25) |
| അടങ്കൽ തുക | 13,77,650/- രൂപ (7,03,730/- വികസന ഫണ്ട് പൊതുവിഭാഗം,<br>6,73,920/- ജില്ലാ പഞ്ചായത്ത് ഫണ്ട്) |
| ചെലവ് തുക | 5,71,920/- രൂപ (ACR Bill No. 414/23.01.25 – 4,49,280/-,<br>ACR Bill No. 582/14.03.25 – 1,22,640/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

2024-25 സാമ്പത്തിക വർഷം അസി. സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ പാഥേയം പദ്ധതിക്കായി 5,71,920/- രൂപ ചെലവഴിച്ചു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പദ്ധതിക്കായി ചെലവഴിച്ച തുക ജില്ലാപഞ്ചായത്തിന് കൈമാറാതെ നേരിട്ട് കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റുകാരുടെ അക്കൗണ്ടിലേയ്ക്ക് തുക നല്കിയിരിക്കുന്നു. പ്രോജക്ട് നിർവ്വഹണം ഗ്രാമസഭ നല്കുന്ന ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ജില്ലാപഞ്ചായത്ത് നടത്തേണ്ടതായി ഉത്തരവ് നം.പി.എൽ.ജി 2600/2024-25/DPC/DPO/തിരുവനന്തപുരം/സംയുക്ത പ്രോജക്ട് തീ:13.12.23-ൽ നിഷ്കർഷിച്ചിട്ടുണ്ട്. ഉത്തരവ് നിർദ്ദേശം പാലിക്കാതെ ചെലവ് നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നമ്പർ 29/25 ന് മറുപടി ലഭ്യമാക്കിയില്ല. സാർക്കാർ നിർദ്ദേശം പാലിക്കാതെ പദ്ധതി നടപ്പിലാക്കിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 ജി.എസ്.ടി റ്റി.ഡി.എസ് ഈടാക്കിയിട്ടില്ല

2025-24 സാമ്പത്തിക വർഷം വി.ഇ.ഒ (നോർത്ത്) നടപ്പിലാക്കിയ പദ്ധതികളിൽ, ചെലവ് തുകയിൽ നിന്നും ജി.എസ്.ടി.റ്റി.ഡി.എസ് ഈടാക്കാതെ മുഴുവൻ ബിൽ തുക ബയോ കംബോസ്റ്റ്, സെഗ്രിഗേഷൻ ബിൻ എന്നിവ വാങ്ങിയ [IT Professionals Co-Operative Society (Biocompost Bin – Ch. No. 024400/29.03.2025 – 45,550/-) Segreggation Bin – IT Professionals Co-Operative Society - Cheque No. 024400/29.03.2025 – 9,31,500/-, SRS – Cheque No. 024400/29.03.2025 – 3,64,350/-] സ്ഥാപനങ്ങൾക്ക് നല്കിയിരിക്കുന്നു. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു

. ബയോ കംമ്പോസ്റ്റ് ബിൻ വ്യക്തിഗതം (SO272/25)

. സെഗ്രിഗേഷൻ ബിൻ വ്യക്തിഗതം (SO273/25)

CGST Act 2017ലെ Sn 51(1) ൽ വിതരണത്തിൽ ആകെ മൂല്യം (കരാർ തുക) 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന സാധനങ്ങളുടെയോ, സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവു ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. SGST Act 2017 ലെ സെക്ഷൻ 51(1) ലും സമാനമായ വ്യവസ്ഥയുണ്ട്. ആയതിനാൽ CGST, SGST ഇനത്തിൽ ഒരു ശതമാനം 1% വീതം (ആകെ 2%) സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. മേൽ പദ്ധതികളിൽ ഇത്തരത്തിൽ തുക കുറവു ചെയ്യാത്തതിന് വിശദീകരണം ആരാഞ്ഞ് നല്കിയ എൻക്വയറി നമ്പർ 22/25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-33 ക്യാഷ് ബുക്ക് നിശ്ചിത മാതൃകയിൽ പരിപാലിക്കുന്നില്ല.

കേരള ട്രഷറി കോഡ്, റൂൾ 92 ൽ എല്ലാ സർക്കാർ ഓഫീസുകളിലും ടി. ആർ - 7A മാതൃകയിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. മാത്രമല്ല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നമ്പർ ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ദൈനംദിന വരവ്-ചെലവ് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിന് സാധാരണ രജിസ്റ്റർ ആണ് ക്യാഷ് ബുക്കായി വി.ഇ.ഒ (നോർത്ത് & സൗത്ത്) ഉപയോഗിക്കുന്നത്. സാധാരണ രജിസ്റ്റർ ക്യാഷ് ബുക്കായി ഉപയോഗിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നം. 23/25ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവു പാലിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവു ചെലവുകൾ, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വരവു ചെലവുകൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതും ക്യാഷ് ബുക്കിന്റെ ആദ്യ

പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും മാസാന്ത്യ സംക്ഷിപ്തം എഴുതി, കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്.

## 1-34 പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം - കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | നെട്ടത്താന്നി പുന്നക്കുളം PHC റോഡും പ്രിയദർശിനി റോഡും പുനരുദ്ധാരണം |
| പ്രോജക്ട് നം. | 198/24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| എസ്റ്റിമേറ്റ് തുക | 5,26,000/- രൂപ (മെയിന്റനൻസ് ഫണ്ട് (റോഡ്)) |
| ബിൽ തുക | 4,82,898/- രൂപ |
| ബിൽ നം. | 457/03.02.2025 |
| ഇ.എം. ബുക്ക് നം. | LSGD/CELSGD/FL/131021/2023 |

മേൽ പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. സുരേന്ദ്രനുമായി 16.10.2023ൽ ഒപ്പിട്ട കരാറനുസരിച്ച് 6 മാസത്തിനുള്ളിൽ, അതായത് 15.04.2024നകം പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ 24.12.2026ലാണ് പ്രവൃത്തി പൂർത്തിയായത്. ബിൽ പരിശോധിച്ചതിൽ ഫൈനൊന്നും ഈടാക്കാതെ തുകമാറി നൽകിയതായി കാണുന്നു.

പിഴ ഈടാക്കിയോ അല്ലാതെയോ, പൂർത്തീകരണ കാലാവധി രേഖാമൂലം നീട്ടി നൽകിയിട്ടില്ല. കാലതാമസത്തിന്റെ കാരണം രേഖപ്പെടുത്തുകയോ കരാറുകാരനെതിരെ നടപടി സ്വീകരിക്കുകയോ ചെയ്യാതെയാണ് ബിൽ തുക മാറി നൽകിയത്. കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 ലീച്ചിംഗ് പിറ്റ് നിർമ്മാണം - പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചു - 1,84,505/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഉച്ചക്കട മാർക്കറ്റിൽ ലീച്ചിംഗ് പിറ്റ് നിർമ്മാണം |
| പ്രോജക്ട് നം. | 222/2024-25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| കോൺട്രാക്ടർ | K.C. Jayarajan |
| എസ്റ്റിമേറ്റ് തുക | 5,00,000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവഴിച്ച തുക | 1,84,505/- രൂപ |
| ബിൽ നം. | 693/28.03.2025 |
| ഇ.എം. ബുക്ക് നം. | LSGD/CELSGD/FL/132928/2023 |

കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ 18-ാം വാർഡിലെ ഉച്ചക്കട പൊതു മാർക്കറ്റിലെ മലിനജലം നിർമ്മാർജ്ജനം ചെയ്യുന്നതിനാണ് ഈ പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. 4,23,154/- രൂപയുടെ (GST ഒഴികെ) എസ്റ്റിമേറ്റ് എടുത്ത് ഇ ടെന്റർ ചെയ്ത ഏറ്റവും കുറവ് തുക കാട്ട് ചെയ്ത ശ്രീ. ജയരാജന്റെ 3,49,625.57 രൂപയുടെ റേറ്റ് അംഗീകരിച്ച് 08.02.2024-ൽ കരാറിലേർപ്പെട്ടിരുന്നു. 28.03.2025ലെ പാർട്ട് ബിൽ പ്രകാരം 1,84,505/- രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും, സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് സ്ലാബ് ഇട്ട് മൂടുക മാത്രമാണ് ചെയ്തിട്ടുള്ളത്. മലിനജലം ഒഴുക്കുന്നതിനുള്ള പൈപ്പുകളോ മറ്റ് സംവിധാനങ്ങൾ ഒരുക്കുകയോ ചെയ്യാതെ പ്രവൃത്തി പൂർണ്ണമായും ഉപേക്ഷിച്ചിരിക്കുകയാണ്.

27.10.2025-ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ, സെപ്റ്റിക് ടാങ്കും പരിസരവും പുറമേ കാണാനാകാത്ത വിധം മലിനജലവും മാലിന്യങ്ങളും കൊണ്ട് മൂടിയിരിക്കുന്നതായി കാണുന്നു. ഈ ടാങ്കിനകത്തേക്കു മലിനജലം ഒഴുക്കാനുള്ള സംവിധാനങ്ങളൊന്നും ചെയ്തിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനെതിരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

പ്രവൃത്തി ഉപേക്ഷിച്ചതോടെ പ്രവൃത്തിക്കായി ഇതുവരെ ചെലവഴിച്ച 1,84,505/- രൂപയും നഷ്ടപ്പെട്ടതായി കാണുന്നു. പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്ത കരാറുകാരനെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതും ഈ പ്രവൃത്തി പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. ഇതിലേക്കായി ആകെ ചെലവഴിച്ച 1,84,505/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-36 കുടിവെള്ള പദ്ധതി - വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയെങ്കിലും പ്രവർത്തി ആരംഭിച്ചില്ല - 25,00,000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ക് | മൂലക്കര ശ്രീനാരായണപുരം കുടിവെള്ള പദ്ധതി 256/24-25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| എസ്റ്റിമേറ്റ് തുക | 25,00,000/- രൂപ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവഴിച്ച തുക | 25,00,000/- രൂപ |
| ബിൽ നം. | 653/21.03.25 |
| ഇ.എം.ബുക്ക് നം. | LSGD/CELSGD/FL/131782/2023 |

മൂലക്കര ശ്രീനാരായണപുരം കുടിവെള്ള പദ്ധതിക്കായി, കേരള വാട്ടർ അതോറിറ്റി നെയ്യാറ്റിൻകര വാട്ടർ സപ്ലൈ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുമായി 19.3.25ൽ കരാറിലേർപ്പെട്ട് 25,00,000/- രൂപ വാട്ടർ അതോറിറ്റിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

27.10.25ൽ സ്ഥലപരിശോധന നടത്തിയതിൽ യാതൊരു പ്രവൃത്തിയും ആരംഭിച്ചതായി കാണുന്നില്ല. കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പ്രവർത്തി അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കാത്ത / തുക വിനിയോഗിക്കാത്ത സാഹചര്യത്തിൽ 25,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-37 കോട്ടുകാൽ ഫെസ്റ്റ് - കരാറുകാരന് തുക നൽകാത്തതിനെ തുടർന്നുള്ള കോടതി വ്യവഹാരം തീർപ്പാകാതെ തുടരുന്നു - ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

| |
|---|
| ബിൽ നം. 3026/24 തീയതി-18.06.2024 - 10,000/- രൂപ (തനത് ഫണ്ട്) |
| വൗച്ചർ നം. 22400162/16.06.24, ചെക്ക് നം. 023822/26.06.2024 |

2014 സെപ്റ്റംബർ 7, 8, 9, 10 തീയതികളിൽ ചൊവ്വരയിൽ വച്ച് നടത്തിയ കോട്ടുകാൽ ടൂറിസം ഫെസ്റ്റ് ദീപാലങ്കാരം നടത്താനായി ശ്രീ. സനൽകുമാർ, ശ്രീ. ജയൻ എന്നിവരുടെ ക്വട്ടേഷൻ അംഗീകരിച്ച് ചുമതല നൽകിയിരുന്നു. ആകെ നൽകാനുള്ള 6.30 ലക്ഷം രൂപയിൽ 3 ലക്ഷം മാത്രം നൽകുകയും തുടർന്ന് നൽകാനുള്ള 3.3 ലക്ഷം രൂപ ലഭിക്കാത്തതിനെ തുടർന്ന് കരാറുകാർ നെയ്യാറ്റിൻകര മുനിസിഫ് കോടതിയിൽ OS.No.812/2015- നമ്പരായി കേസ് ഫയൽ ചെയ്യുകയും 28.9.2017ലെ കോടതി ഉത്തരവുപ്രകാരം 3.3 ലക്ഷം രൂപ ഈടാക്കുന്നത് വരെ, ടി തുകയുടെ 12% പലിശ 10.9.2014 മുതൽ 28.9.2017 വരെയും, 6% പലിശ 29.9.2017 മുതൽ തുക ഒടുക്കുന്ന തീയതി വരെയും പരാതിക്കാർക്ക് നൽകാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ തുക നൽകാതെയും ഉത്തരവിനെതിരെ അപ്പീൽ പോകാത്തതിനെയും തുടർന്ന് 14.11.2023ലെ ഇതേ കോടതിയുടെ ഉത്തരവുപ്രകാരം കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ കേരള ബാങ്ക് വിഴിഞ്ഞം ശാഖയിലെ 020071201200003 നമ്പർ അക്കൗണ്ടിൽ നിന്നും 2,69,903/- രൂപ കോടതിയുടെ അക്കൗണ്ടിലേക്ക് കൈമാറാൻ ബാങ്ക് മാനേജരോട് നിർദ്ദേശിച്ച പ്രകാരം തുക ട്രാൻസ്ഫർ ചെയ്തിരുന്നു. ബാക്കി തുക ഈടാക്കാനായി, പഞ്ചായത്ത് വാഹനം ജപ്തി ചെയ്യാനുള്ള കോടതി ഉത്തരവിനെതിരെ ഹൈക്കോടതിയെ സമീപിച്ചെങ്കിലും കോടതിയിൽ 1 ലക്ഷം രൂപ കെട്ടിവയ്ക്കാനാണ് ഹൈക്കോടതി നിർദേശിച്ചത്. ടി അപ്പീൽ ഫയൽ ചെയ്യുന്നതിനായാണ് തൻവർഷം 10,000/- രൂപ അഡ്വക്കേറ്റ് ഫീസായി തനത് ഫണ്ടിൽ നിന്ന് നൽകിയിട്ടുള്ളത്. [28/10/2025ൽ Audit Enquiry No: 17 പ്രകാരം ഇതുമായി ബന്ധപ്പെട്ട ഫയലുകൾ (File No. SC3 2021-24 Kottukal Fest, 2014-Court Case, File No. SC2 4184/24 Implimentation Of Ombudsmans Order) ആവശ്യപ്പെട്ടുവെങ്കിലും ആയത് ഹാജരാക്കിയില്ല.] കേസുമായി ബന്ധപ്പെട്ട് ടി ഫയലുകൾ അഡ്വക്കേറ്റിന്റെ കൈവശം ആയത് കൊണ്ടാണ് ടി രേഖകൾ ഹാജരാക്കാൻ കഴിയാത്തത് എന്ന് സെക്രട്ടറി വാക്കാൽ അറിയിച്ചിരുന്നു.

**മേൽ വിഷയത്തിൽ ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.**

വ്യക്തമായ യാതൊരു കാരണവുമില്ലാതെയാണ് എഗ്രിമെന്റ് പ്രകാരമുള്ള പ്രവർത്തി യഥാസമയം പൂർത്തിയാക്കിയ കരാറുകാരന് തുക നൽകാതിരുന്നത് എന്ന് കാണുന്നു. ആദ്യം കേസ് പരിഗണിച്ച കോടതിയിൽ പഞ്ചായത്ത് സെക്രട്ടറി നൽകിയ സത്യവാങ്മൂലത്തിൽ, സർക്കാരിൽ നിന്നും പ്രത്യേക ഫണ്ടായി ലഭിക്കുന്ന മുറയ്ക്കോ, അല്ലെങ്കിൽ തനത് ഫണ്ടിൽ നിന്നോ തുക നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നും പ്രവർത്തി കൃത്യമായി

ചെയ്തിട്ടുണ്ടെന്നും പ്രത്യേക കാരണം ഒന്നും കൂടാതെയാണ് തുക തടഞ്ഞു വച്ചതെന്നും മനസ്സിലാക്കാം.

മുനിസിഫ് കോടതി ഉത്തരവിനെതിരെ യാതൊരു നിയമപദേശവും തേടാതെയാണ് ഹൈക്കോടതിയിൽ അപ്പീൽ പോയിട്ടുള്ളത്. ഹൈക്കോടതിയും മുൻസിഫ് കോടതി നിരീക്ഷണങ്ങൾ ശരിവെച്ച് തുക അടയ്ക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. മുനിസിഫ് കോടതി ഉത്തരവ് സ്റ്റേ ചെയ്യാനായി ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തതിന് അഡ്വക്കേറ്റ് ഫീസ് ആയി 10,000/- രൂപ നൽകിയിട്ടുള്ളത്.

ഹൈക്കോടതിയിൽ നിന്നും തിരിച്ചടി നേരിട്ടെങ്കിലും നിലവിൽ കേസ് നടന്നുവരികയാണ്. കേസ് നീണ്ടുപോകും തോറും പഞ്ചായത്തിന് കൂടുതൽ നഷ്ടമുണ്ടാകാനുള്ള സാധ്യതയുണ്ട്. വിശദമായ നിയമോപദേശം തേടിയ ശേഷം മാത്രം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഹൈക്കോടതി വിധി പ്രകാരം കരാറുകാരന് തുക നൽകേണ്ടി വരുന്ന സാഹചര്യമുണ്ടായാൽ, ആയതിന് കാരണം പഞ്ചായത്ത് ഭരണസമിതിയുടെയോ ഉദ്യോഗസ്ഥരുടെയോ വീഴ്ച കൊണ്ട് സംഭവിച്ചതാണോ എന്ന് വകുപ്പ് തല അന്വേഷണം നടത്തേണ്ടതും കോടതി വ്യവഹാരം മൂലം പഞ്ചായത്തിന് ഉണ്ടാകുന്ന നഷ്ടം വീഴ്ച വരുത്തിയ വ്യക്തികളിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-38 പൊതുകിണർ പുനരുദ്ധാരണം - പാതിവഴിയിൽ ഉപേക്ഷിച്ചു - 2,88,961/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നം. | പൊതുകിണർ പുനരുദ്ധാരണം, 186/24-25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| എസ്റ്റിമേറ്റ് തുക | 10,00,000/- രൂപ |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവഴിച്ച തുക | 2,88,961/- രൂപ |
| ബിൽ നം. | 629/20.03.25 |
| ഇ.എം.ബുക്ക് നം. | LSGD/CELSGD/131228/2023 |

കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ മരുതൂർക്കോണം, പയറ്റുവിള, പുലിയൂർക്കോണം, ശ്രീനാരായണപുരം, ചൊവ്വര വാർഡുകളിലെ പൊതുകിണറുകൾ പുനരുദ്ധരിച്ച് ഇവിടെ വൈദ്യുത കണക്ഷൻ ലഭ്യമാക്കി മോട്ടോർ സ്ഥാപിച്ച് വലിയ ടാങ്കുകളിൽ ശുദ്ധജലം ശേഖരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്.

5 പൊതുകിണറുകളും നവീകരിച്ച ശേഷം മറ്റ് പ്രവൃത്തികൾ ചെയ്യാതെ പദ്ധതി ഉപേക്ഷിച്ചിരിക്കുകയാണ്. 30.10.2025ൽ നടത്തിയ സ്ഥലപരിശോധനയിൽ, കിണറുകൾ നവീകരിച്ചിട്ടുണ്ടെങ്കിലും പയറ്റുവിള ഒഴികെയുള്ള 4 സ്ഥലങ്ങളിലേയും പൊതുകിണറുകൾ ഉപയോഗിക്കാതെ നശിച്ച് പോകുന്ന അവസ്ഥയിലാണുള്ളത്. ഈ കിണറുകളിൽ മോട്ടോർ, ടാങ്ക് എന്നിവ സ്ഥാപിച്ച് വൈദ്യുതി കണക്ഷനും ലഭ്യമാക്കിയാൽ മാത്രമേ പദ്ധതി പ്രയോജനകരമാകുകയുള്ളൂ. പദ്ധതി ഭാഗികമായി നടപ്പാക്കിയതുകൊണ്ട് നാല് പൊതുകിണറുകൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കാനാകാത്ത അവസ്ഥയിൽ തുടരുന്നതിനാൽ ഇതിലേക്കായി ചെലവഴിച്ച 2,88,961/- രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-39 ഹെൽത്ത് ഗ്രാന്റ് അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. 2021-22 മുതൽ 2025-26 കാലയളവിലാണ് ഇപ്രകാരം ഗ്രാന്റ് അനുവദിക്കുന്നത്. കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുമാണ് ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്.

കോട്ടുകാൽ ഗ്രാമ പഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭ്യമായ തുകയുടെ വിവരങ്ങൾ (ഓഡിറ്റ് എൻക്വയറി നം. 5) ചുവടെ ചേർക്കുന്നു.

| വർഷം | ലഭ്യമായ തുക |
|---|---|
| 2021-22 | - |
| 2022-23 | 6,66,163 |
| 2023-24 | 15,04,000 |
| 2024-25 | 11,42,000 |
| | |

| | |
|---|---|
| **ആകെ തുക** | **33,12,163/-** |

2022-23, 2023-24, 2024-25 വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചതിന്റെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | സ്കീം 3 | സ്കീം 4 | ആകെ ചെലവ് തുക |
|---|---|---|---|
| 2022-23 | 2,71,473 | 1,12,340 | 3,83,813 |
| 2023-24 | 2,33,190 | 2,02,080 | 4,35,270 |
| 2024-25 | 9,67,500 | 3,30,517 | 12,98,017 |

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു

| വർഷം | പ്രോജക്ട് | ചെലവ് |
|---|---|---|
| 2022-23 | രോഗനിർണ്ണയ സംവിധാനം മെച്ചപ്പെടുത്തൽ, ഹെൽത്ത് വെൽനസ്സ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ | 3,83,813 |
| 2023-24 | രോഗനിർണ്ണയ സംവിധാനം മെച്ചപ്പെടുത്തൽ, ഹെൽത്ത് വെൽനസ്സ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ | 4,35,270 |
| 2024-25 | രോഗനിർണ്ണയ സംവിധാനം മെച്ചപ്പെടുത്തൽ, ഹെൽത്ത് വെൽനസ്സ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ | 12,98,017 |

2022-23, 2023-24, 2024-25 എന്നീ വർഷങ്ങളിലെ വാർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക പ്രകാരം (റെസീപ്റ്റ് & പെയ്മെന്റ് RP30 ഷെഡ്യൂൾ) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ ആകെ തുക 34,81,505/- രൂപയാണ്. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ ആകെ തുക 33,12,163/- രൂപയാണ്**.** വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്. ലഭ്യമായ തുകയിൽ 21,17,100/- രൂപയാണ് നാളിതുവരെ (എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം) ചെലവഴിച്ചിരിക്കുന്നത്.

ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനും ചികിതിസാ സൗകര്യങ്ങൾക്കുമായി ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സായി പോകുന്നതാണ്. ആയതിനാൽ അടുത്ത സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-40 ജലജീവൻ മിഷൻ പദ്ധതി - അവലോകനം

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 05.07.2021 ലെ 533/2020/Dpo/തിരു/ജെ.ജെ.എം നം. കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത കുറിപ്പ് പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര സംസ്ഥാന വിഹിതം - 50:50

സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം – 15%

ഗുണഭോക്തൃവിഹിതം – 10%

ജലജീവൻ മിഷൻ പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ പഞ്ചായത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല എന്നും വാട്ടർ അതോറിറ്റിക്ക് സ്ഥാപനവിഹിതമായോ, ഗുണഭോക്തൃവിഹിതമായോ തുകകളൊന്നും തന്നെ കൈമാറിയിട്ടില്ലെന്നുമാണ് ഓഡിറ്റ് എൻക്വയറി (നം. - 04/25 തീയതി : 21.10.2025) ക്ക് മറുപടി ലഭ്യമാക്കിയത്.

## 1-41 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

2024-25 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

**1) പ്രോജക്ടിന്റെ പേര് – പുഷ്പകൃഷി – പൂവണി – 2024 (S026/25)**

അടങ്കൽ തുക – 32,000/- (വികസനഫണ്ട് – പൊതു വിഭാഗം)

ചെലവ് തുക – 32,000/- (ACR Bill No. 438/27.01.2025 – 16,000/-, ACR Bill No. 440/27.01.2025 – 16,000/-)

പഞ്ചായത്ത് പ്രദേശത്ത് പുഷ്പകൃഷി പ്രോത്സാഹനം,വനിതാ ഗ്രൂപ്പുകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, രണ്ട് വനിതാഗ്രൂപ്പുകൾക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. അപേക്ഷകൾ പരിശോധിച്ചതിൽ കൃഷിക്കായി ഉപയോഗിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗുണഭോക്താവിന്റെതാണ് എന്ന തെളിയിക്കുന്ന രേഖകൾ (കരം തീർത്ത രസീത്) ലഭ്യമല്ല. സ്വന്തം സ്ഥലത്തല്ല സ്ഥലം

പാട്ടത്തിനെടുത്താണ് മേൽ കൃഷി ചെയ്തെങ്കിൽ പാട്ടകരാർ ലഭ്യമല്ല. സർക്കാർ ഉത്തരവ് (കൈ)നം.115/2022/തസ്വഭവ തീയതി 28.5.2022 ഖ6.1 9A പ്രകാരം പാട്ടകൃഷിക്ക് പാട്ട കരാർ അനിവാര്യമാണ്.

**2) പ്രോജക്ടിന്റെ പേര് – ടിഷ്യുകൾച്ചർ വാഴതൈ വിതരണം (SO19/25)**

അടങ്കൽ തുക – 50,000/- (വികസനഫണ്ട് – പൊതു വിഭാഗം)

ചെലവ് തുക – 50,000/- (ACR Bill No. 197/06.11.2024 – 50,000/-)

പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ കവിത എസ്.എൽ എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടോപ്പം ഹാജരാക്കിയിരിക്കുന്ന റേഷൻകാർഡിൽ, താലൂക്ക് - CRO South Trivandrum, കോർപ്പറേഷൻ - തിരുവനന്തപുരം എന്ന രേഖപ്പെടുത്തിയിരിക്കുന്നു. പഞ്ചായത്ത് പരിധിയിലല്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നല്കി.

മേൽ പ്രോജക്ടുകളിൽ (ക്രമ നം. 1, 2) കണ്ട അപാകതകൾ ചൂണ്ടികാണിച്ച് നല്കിയ എൻക്വയറി നമ്പർ 30/25 ന് മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-42 വീട് വാസയോഗ്യമാക്കൽ - പണി പൂർത്തിയാക്കിയില്ല

പ്രോജക്ടിന്റെ പേര് – വീട് വാസയോഗ്യമാക്കൽ (എസ്.സി) (SO35/25)

അടങ്കൽ തുക – 32,00,000/- (വികസന ഫണ്ട് – എസ്.സി.പി.)

ചെലവ് തുക – 15,50,000/- (ACR Bill No. 301/23.12.24 – 1,50,000/-, ACR Bill No. 381/18.01.25 – 2,00,000/-, ACR Bill No. 426/27.01.25 – 2,00,000/-, ACR Bill No. 548/11.03.25 – 4,00,000/-, ACR Bill No. 549/11.03.25 – 2,00,000/-, ACR Bill No. 592/15.03.25 – 2,50,000/-, ACR Bill No. 655/21.03.25 – 1,50,000/-)

നിർവ്വഹണഉദ്ദ്യോഗസ്ഥൻ – വി.ഇ.ഒ (നോർത്ത്)

2024-25 സാമ്പത്തിക വർഷം വി.ഇ.ഒ നടപ്പലാക്കിയ വീട് വാസയോഗ്യമാക്കൽ (എസ്.സി) പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ,

. **വീട്മെയിന്റനൻസ് പൂർത്തിയാക്കാത്തവർ**

1) രമ്യാ മോൾ, അനാമികാ നിവാസ്, മന്നോട്ടുകോണം.

കൈപറ്റിയ തുക – 50,000/- (23.12.24)

2) രാജമ്മ കെ, സന്തോഷ്ഭവൻ, ചൊവ്വര.

കൈപറ്റിയ തുക – 50,000/- (18.1.25)

3) പൊന്നമ്മ, ഹരിജൻ കോളനി, കുഴിവിളക്കോണം, കോട്ടുകാൽ.

കൈപറ്റിയ തുക – 50,000/- (27.1.25)

പദ്ധതി പ്രകാരം ആദ്യ ഗഡു കൈപ്പറ്റിയിട്ടും നാളിതുവരെ വീടുമെയിന്റനൻസ് പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ മേൽ സ്വീകരിച്ച നടപടികൾ ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറി നം. 31/25 ന് മറുപടി ലഭ്യയമാക്കിയില്ല. വീട്മെയിന്റനൻസ് പൂർത്തിയാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ്

**1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| 21 | 1,23,000 | 1,23,000 | 0 | |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

**2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|
| - | - | - | - | - | - |

**3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| - | - | - | - | - |

**4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|
| - | - | - | - | - | - |

**ഓഡിറ്റ് അന്വേഷണക്കുറിപ്പ് (2/21.10.25)**

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| **ബ്ലോക്ക് പഞ്ചായത്ത്** | 5,81,158 | 5,70,000 | 55/25 സ്നേഹസ്പർശം - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 5,70,000 | 5,81,158 |
| | | 1,46,853 | 138/25 ക്ഷീര സമൃദ്ധി പാലിന് ഇൻസെന്റീവ് നൽകൽ | 1,46,853 | |
| **ആകെ** | **5,81,158** | **7,16,853** | | **7,16,853** | **5,81,158** |
| **ജില്ലാ പഞ്ചായത്ത്** | 6,150 | 70,000 | 24/25 ഹരിത ഭവനം | 70,000 | 6,150 |
| | | 5,70,000 | 55/25 സ്നേഹസ്പർശം - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 5,70,000 | |
| | | 1,54,389 | 138/25 ക്ഷീര സമൃദ്ധി പാലിന് ഇൻസെന്റീവ് നൽകൽ | 1,54,389 | |
| **ആകെ** | **6,150** | **7,94,389** | | **7,94,389** | **6,150** |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| **നിർവഹണ ഏജൻസി** | **2023-24 ബാലനസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരമുള്ള മുന്നിരിപ്പ്** | **2024-25 വർഷത്തെ നിക്ഷേപം** (സുലേഖ പ്രകാരം) | **ആകെ** | **വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത്** | **2024-25 ബാലൻസ് ഷീറ്റ് B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 1,13,83,479 | 13,16,886* | 1,27,00,365 | | 1,26,86,071 |
| കേരള വാട്ടർ അതോറിറ്റി | 68,76,879 | 25,00,000 | 93,76,879 | | 93,76,879 |
| പബ്ളിക്ക് വർക്ക് ഡിപ്പാർട്ട്മെന്റ് | 594750 | 0 | 5,94,750 | - | 5,94,750 |

*നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല. അപാകം ഖണ്ഡിക 1-1-14 ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിക്ഷേപ പ്രവൃത്തിക്കായി സർക്കാർ ഏജൻസികൾക്ക് മുൻകൂറായി നൽകിയ മുഴുവൻ തുകകളും പ്രവൃത്തി പൂർത്തീകരിച്ച് ക്രമീകരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്.

| **ഹെഡ്** | **വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക.** | **തൻവർഷം ലഭിച്ച തുക (RP 31 പ്രകാര)** | **ആകെ** | **തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം)** | **തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ 2024-25)** |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | (B-5 ഷെഡ്യൂൾ 2023-24) | | | | |
| 330500201 Secured Loans- Loan From KURDFC | 5,23,64,988/- | 68,96,151/- | 5,92,61,139/- | 51,20,555/- | 5,41,40,584/- |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | CAR പേജ് നം.21 | 1997-98 | | ചന്തലേലം തുക പൂർണ്ണമായി പിരിച്ചെടുത്തില്ല. ഉച്ചക്കട പൊതുചന്ത 45,100/-രൂപ അടയ്ക്കാനുണ്ട്. 1997-98 വർഷം അവണാകുഴി പൊതു ചന്ത ലേലത്തിൽ പിടിച്ചയാളും 7,832/- രൂപ അടയ്ക്കാനുണ്ട്. | കോടതി ഉത്തരവിന്റെയും ഭരണസമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ തുക ഈടാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു. |
| 2003-2004 | CAR 3.1.14.1, 3.1.14.2 | 2000-2001 | 26, 24 | 1) മണ്ണക്കല്ല് മന്നോട്ട്കോണം റോഡ് പുനരുദ്ധാരണം അധിക തുക നൽകിയത് നിരാകരിക്കുന്നു. | ഒഴിവാക്കി |
| | | | | 2) തെങ്ങുവിള ശ്രീ. നാരായണപുരം റോഡ് പുനരുദ്ധാരണം പഞ്ചായത്തിന്റെ മുൻകൂർ അനുമതിയോ പുതുക്കിയ എസ്റ്റിമേറ്റോ എടുക്കാതെ പ്രത്യേക ഇനം ജോലി ചെയ്തത് അംഗീകരിക്കുന്നില്ല. | നിയമസഭാസമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| 2003-04 | 3.1 | 2000-01 | | കോട്ടുകാൽ 00-01 മാർക്കറ്റ് ലേലം- അവണാകുഴി ചന്ത ഗേറ്റ് ഫീസ് ഈടാക്കുന്നതിനുള്ള അനാസ്ഥ- നഷ്ടം 13750/-രൂപ | |
| 2016-17 | അദ്ധ്യായം -2, അനുബന്ധം-4 തൊഴിൽനികുതി | 2014-15 | 2-6 | തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് | ലഭ്യമല്ല |

## 4-9 ചാർജ്ജ്/സർചാർജ് നടപടികളുടെ വിവരം.

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 4,16,46,709/- |
| ഓഡിറ്റ് വർഷത്തെ വരവ് | 9,43,27,108/- |
| ആകെ | 13,59,73,817/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,75,93,790/- |
| നീക്കിയിരിപ്പ് | 5,83,80,027/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **46,39,142.37** |

### ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

**ഇല്ല**

### സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 1,72,495.00 | ഡോ. ദിലീപ് ദാസ്, മെഡിക്കൽ ഓഫീസർ FHC |
| 1-23 | 1,08,298.00 | ഡോ. ദിലീപ് ദാസ്, മെഡിക്കൽ ഓഫീസർ FHC |
| 1-24 | 14,757.00 | ഡോ. ദിലീപ് ദാസ്, മെഡിക്കൽ ഓഫീസർ FHC |
| 1-25 | 1,62,458.37 | ഡോ. ദിലീപ് ദാസ്, മെഡിക്കൽ ഓഫീസർ FHC |
| 1-26 | 3,021.00 | ഡോ. ദിലീപ് ദാസ്, മെഡിക്കൽ ഓഫീസർ FHC |
| 1-28 | 6,00,000.00 | ശ്രീ. അനിൽ കുമാർ, അസി. സെക്രട്ടറി |
| 1-29 | 32,727.00 | ഡോ. ദേവി ലക്ഷ്മി, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-31 | 5,71,920.00 | ശ്രീ. അനിൽ കുമാർ, അസി. സെക്രട്ടറി |
| 1-35 | 1,84,505.00 | ശ്രീമതി രേഷ്മ രവി, അസി. എഞ്ചിനീയർ |
| 1-36 | 25,00,000.00 | ശ്രീമതി രേഷ്മ രവി, അസി. എഞ്ചിനീയർ |
| 1-38 | 2,88,961.00 | ശ്രീമതി രേഷ്മ രവി, അസി. എഞ്ചിനീയർ |
| ആകെ | **46,39,142.37** | |

### ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

### ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

### എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|---|

| | | ഔദ്യോഗിക മേൽവിലാസം) | |
|---|---|---|---|
| 1 | ഡോ. ദിലീപ് ദാസ്, മെഡിക്കൽ ഓഫീസർ FHC | മെഡിക്കൽ ഓഫീസർ, കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് | റ്റി.സി49/413 SNRA, 107 ചോതിയിൽ, മൊബൈൽ നം. 8547849412 |
| 2 | ശ്രീ. അനിൽ കുമാർ, അസി. സെക്രട്ടറി | അസി. സെക്രട്ടറി, ഉടുമ്പൻ ചോല ഗ്രാമ പഞ്ചായത്ത് | രജിതാ നിവാസ്, കേളേശ്വരം, തിരുവനന്തപുരം മൊബൈൽ നം. 9961550021 |
| 3 | ഡോ. ദേവി ലക്ഷ്മി, മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ, കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് | TS 58/164(1) ലക്ഷ്മി നിവാസ്, പാച്ചല്ലൂർ |
| 4 | ശ്രീമതി രേഷ്മ രവി, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് | ശ്രീ വിലാസം, ഇടനാട് പി.ഓ, മൊബൈൽ നം.7403270233 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1997-98 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 2 |
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 5 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 3 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 6 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 9 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 7 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 8 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 5 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 3 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 5 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/2349/2019 തീയതി 15.03.2019 | 8 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ /20 തീയതി 30.01.2021 | 50 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1848/21 തീയതി 23.02.2022 | 44 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/791/2022 തീയതി 29.06.2022 | 38 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1799/2022 തീയതി03.02.2023 | 41 |

| | | |
|---|---|---|
| 2022-23 | കെ.എസ്.എ.റ്റി.വി.എം./ജി.പി.4/1521/2023 തീയതി 09.11.2023 | 54 |
| 2023-24 | കെ.എസ്.എ.റ്റി.വി.എം./ജി.പി.3/1363/2024 തീയതി | 38 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 31-07-2025 and submitted on 01-08-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kottukal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kottukal Grama Panchayat as on 31-03-2025

**Date: 26/12/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kottukal Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1. The annual accounts submitted did not include all statements required under the accounting rules. Specifically, the mandatory Notes on Accounts (Rule 62-2(e)), Annual Ratios (Rule 62-2(f)), and Comparative Figures for the previous year (Rule 62(3)) under the Kerala Panchayat Raj Accounts Rules, 2011, were not prepared and appended to the Annual Financial Statement.

2. Statement related to B-1 Schedule (Adjusted performance for the current year) has not been submitted with the annual financial statement.

3. Year-end stock valuation was not done by the Grama Panchayat and was consequently omitted from the Annual Financial Statement. The value recorded under B-14 Stock in hand (inventories) was zero, violating the fundamental requirement to accurately account assets.
4. Demand entries were not recorded in a timely manner as stipulated by regulations. According to Rule 17(2) of the Kerala Panchayat Raj Accounts Rules, the Secretary is required to prepare a monthly summary concerning the demand and adjustments

related to accruable income sources of the Grama Panchayat. Based on this summary, the monthly demand for each specific item must be recorded through a Journal Entry. However, the demand entries for the accrual items have not been prepared monthly, thereby violating the prescribed rule.

5. Non disclosure of expenses due- outstanding expenses such as honorarium for members, fuel expenses due in the current financial year etc are not included in balance sheet as provision of expenses due (B-9).

6. Expired deposit amounts totaling Rs. 14,850/- (Contractor earnest money deposit - 340100101), 8,700/- (Contractor security deposit 340100201) and 51,800/- (Supplier security deposit- 340100203) were not transferred (accounted for) to the Panchayat Fund.

7. The bank account details of the Distress Relief Fund were not made available for verification.

8. The registers (Loan register, Deposit register, Advance register) were not produced for audit verification.

9. Though the records in the institution depict expenditure on account of asset creation, no amount has been recorded in the concerned head in B-11(b) schedule.

10. The closing balances & expenditure amount under the Mahatma Gandhi Rural Employment Guarantee Scheme as shown in AFS differs with the Registers concerned.

11. The bank book of Kerala Gramin bank and Canara bank shows credit balance for certain period during the year 2024-25.

12. The balance amount of deposits with KSEB for various works as shown in AFS differs with the ledgers concerned.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്